# സെയിന്റ് തോമസ് മലങ്കര കത്തോലിക്കാ വലിയപള്ളി

നാലാഞ്ചിറ, തിരുവനന്തപുരം - 695015



## Santhom

Vol. 7 July-September 2010 No.1


**എഡിറ്റോറിയൽ ബോർഡ്**

*രക്ഷാധികാരി*

**റവ. ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി.**

*സഹരക്ഷാധികാരി*

**റവ. ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി.**

*മാനേജിംഗ് എഡിറ്റർ*

**ഡോ. ബനഡിക്ട് കെ.വൈ. കടകംമ്പള്ളിൽ**

*ചീഫ് എഡിറ്റർ*

**ശ്രീ. ജോയി ജേക്കബ്, കുളങ്ങര**

*അസോസിയേറ്റ് എഡിറ്റേഴ്സ്*

**ശ്രീ. ജോജി മോൻ കുമ്പുക്കാട്ട്**

**ശ്രീ. സാം കുരുവിള, പൈനുംമൂട്ടിൽ**

**ശ്രീ. വിശാൽസാം, മരിയാഹിൽ**

**ശ്രീമതി. സൂസമ്മ മൈക്കിൾ, കുമ്പുക്കാട്ട്**






**മുഖമൊഴി**
ശ്രീ. ജോയി ജേക്കബ്, കുളങ്ങര

**വികാരിയച്ചന്റെ സന്ദേശം**
റവ. ഫാ. തോമസ് സജീവ് ഒ.ഐ.സി.

**ആഴപ്പെടുന്ന വിശ്വാസം**
റവ. ഫാ. ബനഡിക്ട് മൂഴിക്കര, ഒ.ഐ.സി.
അസി. വികാരി

**പുരോഹിതൻ യേശുവിന്റെ.......**
മാത്യുക്കുട്ടി വാലുപറമ്പിൽ

**തോമാശ്ലീഹാ**
പി.ഐ.പോൾ, പാലക്കാട്ടേൽ

**സ്മരണീയ ദിനങ്ങൾ**
സാം കുരുവിള, പൈനുംമൂട്ടിൽ

**ബാലവേദി**
ശ്രീമതി സൂസമ്മ മൈക്കിൾ

**യുവവേദി**
ശ്രീ. വിശാൽ സാം വർഗീസ്

**അറിയിപ്പുകൾ**
ശ്രീ. ജോജിമോൻ കുമ്പുക്കാട്ട്

**ഇടവക വാർത്തകൾ**
ഡോ. കെ.വൈ.ബനഡിക്ട്, കടകംപള്ളിൽ

**പ്രാർത്ഥനാകൂട്ടായ്മകൾ**

**പിൻമൊഴി**

## മുഖമൊഴി



ഭാരത അപ്പോസ്തോലനും നമ്മുടെ ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായ വിശുദ്ധ തോമാശ്ലീഹായുടെ പെരുന്നാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ ദൈവത്തിന്റെ അനന്തമായ കൃപ ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. സഭയ്ക്കായി രക്തസാക്ഷിത്വം വരിച്ച ഇടവകയുടെ മദ്ധ്യസ്ഥനായ തോമാശ്ലീഹായോടൊപ്പം **"എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന്"** നമുക്കും ഏറ്റുപറയാം.

പുണ്യശ്ലോകനും മലങ്കര കത്തോലിക്കാ സഭയുടെ ശില്പിയുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 57-ാം ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന ഈ വേളയിൽ പിതാവുവഴി നമുക്ക് ലഭിച്ച നന്മകൾക്കായി ദൈവത്തിന് നന്ദിയർപ്പിക്കാം. വിശ്വാസത്തിനെതിരെ വെല്ലുവിളികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ആ പിതാവിന്റെ പാവനസ്മരണ സഭാത്മക ജീവിതത്തിന് കൂടുതൽ കരുത്തേകട്ടെ.

സ്വന്തം മാംസരക്തങ്ങൾ നമുക്കായി ഭാഗിച്ചു തന്ന യേശുവിനെ ആദ്യ കുർബാനയിലൂടെ സ്വീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് എല്ലാ അനുഗ്രഹ ങ്ങളും ഉണ്ടാകട്ടെ. ആ കുഞ്ഞുമനസ്സുകളിൽ ആഴത്തിലുള്ള വിശ്വാസം ഉറപ്പിക്കുവാൻ യേശുവുമായുള്ള ബന്ധം സഹായിക്കട്ടെ.

മലങ്കര സഭയുടെ ഈ വർഷത്തെ പുനരൈക്യ വാർഷികം തിരുവന ന്തപുരം അതിരൂപതയിൽ ആഘോഷിക്കുകയാണല്ലോ. നമ്മുടെ അതി രൂപതയിൽ നടക്കുന്ന പുനരൈക്യ വാർഷിക സമ്മേളനത്തിൽ എല്ലാ ഇടവ കാംഗങ്ങളുടെയും സാന്നിദ്ധ്യവും സഹായ സഹകരണങ്ങളും ഉണ്ടാകണം.

നിന്റെ ഇഷ്ടം പോലെ എന്നിൽ ഭവിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് ദൈവഹിതത്തിന് വിധേയയായ പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോ പണപ്പെരുന്നാൾ ആഘോഷിക്കുന്ന അവസരത്തിൽ ദൈവത്തിന് നമ്മിൽ പ്രവർത്തിക്കാൻ നമ്മെ തന്നെ വിട്ടുകൊടുക്കുമ്പോൾ സ്വർഗ്ഗം നമുക്കായും തുറക്കപ്പെടും.

ഈ ലക്കം മുതൽ **സാന്തോമി**ൽ ഇടവകയിലെ യുവജനങ്ങൾക്കായി **യുവവേദി** എന്ന ഒരു പുതിയ പംക്തി ആരംഭിക്കുന്നു. ഇടവകയിലെ യുവജനങ്ങളുടെ സാമൂഹികവും, ആത്മീയവുമായ ചിന്തകളെ ഉണർത്താൻ ഇത് സഹായകരമാകുമെന്ന് വിശ്വസിക്കുന്നു. ഈ ലക്കം പ്രസിദ്ധീകരിക്കുവാൻ സഹകരിച്ച എല്ലാവരെയും ഓർത്ത് ദൈവതിരു മുമ്പിൽ നന്ദിയർപ്പിച്ചുകൊണ്ട് **സാന്തോം** സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

**ജോയി ജേക്കബ് കുളങ്ങര**
ചീഫ് എഡിറ്റർ

# വികാരിയച്ചന്റെ സന്ദേശം



**കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,**

നമ്മുടെ ഇടവകയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ജൂലായ് മൂന്നാം തീയതി നാം ആഘോഷിക്കുകയാണല്ലോ. തിരുനാളിന്റെ അനുഗ്രഹങ്ങൾ എല്ലാവർക്കും നേരുന്നു. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ മാതൃകയും പ്രചോദനവുമായി ധാരാളം വിശുദ്ധർ നമുക്ക് ഉണ്ടെങ്കിലും നമുക്ക് ക്രൈസ്തവ വിശ്വാസം പകർന്നുതന്ന ശ്ലീഹായെന്ന നിലയിൽ വിശുദ്ധ തോമാശ്ലീഹായുടെ സ്ഥാനം നമ്മുടെ വിശ്വാസജീവിതത്തിൽ ഏറ്റം പ്രധാനപ്പെട്ടതു തന്നെയാണ്. പെരുന്നാൾ ആഘോഷം ആന്തരികമായ ഒരുക്കത്തിനും നവീകരണത്തിനും ഉള്ള അവസരമാണ്. നമ്മുടെ വിശ്വാസജീവിതം ആഴമുള്ളതും അചഞ്ചലവും ത്യാഗോജ്ജ്വലവുമായി പുനഃപ്രതിഷ്ഠിക്കുവാൻ വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം നമ്മെ ആഹ്വാനം ചെയ്യുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ജൂലായ് പതിനഞ്ചാം തിയതി നമ്മുടെ സഭയിൽ ആഘോഷിക്കുകയാണല്ലോ. ജൂലായ് ഒന്നാം തിയതി മുതൽ അഭിവന്ദ്യപിതാവിന്റെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനകളും ധ്യാനവും, ജാഗരണവും വി. കുർബാനയും ക്രമീകരിച്ചിട്ടുണ്ട്. ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. നമ്മുടെ വിശ്വാസവും സ്നേഹവും കൂട്ടായ്മയും പങ്കുവയ്ക്കുവാനും സാക്ഷ്യപ്പെടുത്തുവാനുമുള്ള അവസരമായി നമുക്ക് ഈ സന്ദർഭം വിനിയോഗിക്കാം. ദൈവദാസനായ മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ ചൈതന്യം ഏറ്റുവാങ്ങുവാനും പിതാവിന്റെ ജീവിതദർശനങ്ങളിൽനിന്ന് ശക്തിസംഭരിക്കുവാനും ഓർമ്മപ്പെരുന്നാൾ തിരുക്കർമ്മങ്ങൾ നമ്മെ സഹായിക്കും.

ആഗസ്റ്റ് 15 ന് പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതസ്വാതന്ത്ര്യദിനവും നാം ആഘോഷിക്കുന്നു. മലങ്കര കത്തോലിക്കാസഭയെ പരിപാലിച്ചുവളർത്തിയ ബഥനി ആശ്രമം മാർ ഈവാനിയോസ് പിതാവ് റാന്നി മുണ്ടൻമലയിൽ സ്ഥാപിച്ചത് 1919 ആഗസ്റ്റ് 15ന് ആയിരുന്നു. സ്വാതന്ത്ര്യത്തിന്റെ ചിന്തകളാണ് ഈ മൂന്നു സംഭവങ്ങളും നമ്മിൽ ഉളവാക്കുന്നത്. തിന്മയുടെയും സ്വാർത്ഥതയുടെയും വിദ്വേഷത്തിന്റെയും കെട്ടുകളെ പൊട്ടിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം.

മലങ്കരസഭയുടെ സ്വപ്നസാക്ഷാത്ക്കാരമായിരുന്ന പുനരൈക്യം മാർ ഈവാനിയോസ് പിതാവിലൂടെ പൂവണിഞ്ഞതിന്റെ ഓർമ്മ സെപ്റ്റംബർ 20ന് കടന്നുവരുന്നു. ആഗോളസഭയിലും ഭാരതസഭയിലും പുനരൈക്യത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഇന്നും സജീവമായിതന്നെ നിലകൊള്ളുന്നു. മലങ്കര കത്തോലിക്കാസഭയുടെ മക്കളായ നമ്മുടെ ഏറ്റം പ്രധാനപ്പെട്ട ഒരു ദൗത്യമായി പുനരൈക്യത്തെ നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. സത്യം അംഗീകരിക്കുകയും സത്യത്തെ പ്രഘോഷിക്കുകയും ചെയ്യുന്നതാണ് പുനരൈക്യം. തന്നിൽ വിശ്വസിക്കുന്നവരെല്ലാം ഐക്യത്തിലായിരിക്കണം (യോഹ. 17:21) എന്ന നമ്മുടെ കർത്താവിന്റെ തിരുഹിതം പുനരൈക്യപ്രവർത്തനത്തിലൂടെ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

ഈ ലക്കം മുതൽ '**santhom**' അണിയിച്ചൊരുക്കുന്നത് പുതിയ ഇടവകഭരണസമിതിയുടെ നേതൃത്വത്തിലുള്ള എഡിറ്റോറിയൽ ബോർഡ് അംഗങ്ങളാണ്. നല്ല രീതിയിൽ നമ്മുടെ പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശംസ്സകളോടെ

വികാരി അച്ചൻ

**ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ OIC**

# ആഴപ്പെടുന്ന വിശ്വാസം



**ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി**
(അസി.വികാരി)

ദൈവത്തിലുള്ള വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതൽ. "വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല. ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്കു അവിടുന്നു പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം (എബ്രാ 11/6-7)

ദൈവത്തിന്റെ സ്നേഹത്തിൽ നമുക്ക് വിശ്വാസമുണ്ടെങ്കിൽ നമ്മുടെ ദുഃഖദുരിതങ്ങളെ വീക്ഷിക്കുന്ന രീതിക്കു മാറ്റം വരുമെന്നുള്ളതു നിശ്ചയമാണ്. പലപ്പോഴും നമ്മുടെ ദുഃഖദുരിതങ്ങളും, നഷ്ടങ്ങളും ജീവിതത്തിലെ കാതലായ മൂല്യങ്ങൾ കണ്ടെത്തുന്നതിനും, ജീവിതത്തെ തന്നെ മുഴുവൻ നവീകരിക്കാനും, നമ്മെ സഹായിക്കും. കഷ്ടനഷ്ടങ്ങളും, പരാജയങ്ങളും ഉണ്ടായാലും നിരാശപ്പെടാതെ അവയെ തരണം ചെയ്തു മുന്നേറുവാൻ നമുക്കു വിശ്വാസം വഴി ശക്തി ലഭിക്കും. കാരണം ദൈവമെപ്പോഴും നമ്മുടെ കൂടെയുണ്ട്. നമ്മെ പൂർണമായും ദൈവത്തിന് സമർപ്പിക്കണം. നമ്മുടെ പ്രശ്നങ്ങളെല്ലാം തരണം ചെയ്യുന്നതിന്, ഈ അർപ്പണമാണ് നമ്മെ ശക്തിപ്പെടുത്തുന്നത്. ലൗകീക നേട്ടങ്ങൾ പരിത്യജിക്കുവാനും, ദൈവേഷ്ടമനുസരിച്ച് ജീവിക്കുവാനും, അപ്പോൾ നമുക്ക് ഭാഗ്യം ലഭിക്കും.

നീ ദൈവത്തിൽ വിശ്വസിക്കുന്നോ എന്നു ചോദിച്ചാൽ, വിശ്വസിക്കുന്നു എന്നുത്തരം പറയുന്നവരായിരിക്കും നമ്മിൽ ഭൂരിഭാഗവും. പക്ഷെ എന്തെങ്കിലും, പ്രയാസമോ, പ്രശ്നമോ, ദുരിതമോ, ഉണ്ടായാൽ വിശ്വാസത്തിൽ നാം ഉറച്ചു നിൽക്കുമോ? ചിന്തിക്കുക. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികൾ വിജയങ്ങളായി തീരണമെങ്കിൽ നമുക്ക് വിശ്വാസത്തിൽ ആഴപ്പെടുന്ന അനുഭവം ഉണ്ടാകണം.

ഈ പ്രപഞ്ചത്തെയും, അതിലുള്ള സകലത്തെയും പരിപാലിക്കുന്നത് സർവ്വ ശക്തനായ ദൈവമാണെന്നാണ് ക്രിസ്തീയ വിശ്വാസം. സൃഷ്ടികളുടെ മകുടമായിട്ടാണ്, ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഇപ്പോഴും ദൈവം തന്നെയാണ് മനുഷ്യനെ സൃഷ്ടിക്കുന്നതെന്ന് നാം അറിയുന്നുണ്ടോ? മനുഷ്യന് ജീവൻ നൽകുന്നതും, അവന്റെ ജീവൻ എടുക്കുന്നതും ദൈവമാണ്. നാം അതു വിശ്വസിക്കുമോ?

വിശ്വാസത്തിൽ ആഴപ്പെടുന്ന അനുഭവം ഉണ്ടാകുമ്പോൾ, നമ്മുടെ ജീവിതത്തിലെ വെല്ലുവിളികളെല്ലാം വിജയങ്ങളായി തീരും. ഈ പ്രതീക്ഷയോടെ ജീവിക്കാൻ നമുക്കു പരിശ്രമിക്കാം.

ക്രിസ്തീയ വിശ്വാസം പകർന്ന് നൽകിയ തോമാശ്ലീഹായുടെ ദുക്റോനാ തിരുനാൾ നാം ആഘോഷിക്കുകയാണ്. ശ്ലീഹാ നല്കിയ വിശ്വാസം അടുത്ത തലമുറയ്ക്ക് പകർന്ന് നല്കാൻ നമുക്ക് കഴിയട്ടെ. ദുക്റോനാ തിരുനാളിന്റെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും ഏവർക്കും നേരുന്നു. ●

## ഉപകാരസ്മരണ



ഒരു വിശ്വാസി

## ഉപകാരസ്മരണ



ഒരു വിശ്വാസി

# പുരോഹിതൻ യേശുവിന്റെ തെരഞ്ഞെടുക്കപ്പെട്ടവനും കൂടെ ആയിരിക്കുന്നവനും (ആയിരിക്കേണ്ടവനും)

**മാത്യുക്കുട്ടി വാലുപറമ്പിൽ**



പൗരോഹിത്യത്തെപ്പറ്റി ചിന്തിക്കുവാനും, പുരോഹിതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനുമായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന കാലയളവായിരുന്നില്ലോ 2009 ജൂൺ മുതൽ 2010 ജൂൺ വരെ.

വൈദീകജീവിതത്തിന്റെ പരിശുദ്ധിയും, അർത്ഥവും പുനർവിചിന്തനത്തിനു കാരണമാക്കപ്പെടണമെന്ന്പരി: പിതാവ് ബനഡിക്ട് പതിനാറാമൻ തീരുമാനിച്ചത് ധന്യവും, യുക്തവും തന്നെ. വിശ്വാസജീവിതത്തിൽ വളരുവാനും, വളർത്തുവാനും പരിശ്രമിച്ച എല്ലാ വന്ദ്യവൈദീകരെയും നന്ദിയോടെ സ്മരിക്കാം. സ്വർഗ്ഗത്തിൽ ഇരുന്നു മദ്ധ്യസ്ഥത യാചിക്കുന്ന നാമുമായി ബന്ധപ്പെട്ട എല്ലാ വന്ദ്യവൈദീകരുടേയും ധന്യമായ സ്മരണകൾക്കു മുൻപിൽ നമ്രശിരസ്ക്കരായി നില്ക്കാം.

പൗരോഹിത്യവിഷയതലങ്ങളിലേക്ക് കടക്കുന്നതിനു മുൻപ് നാം കേട്ടറിഞ്ഞിട്ടുള്ള ചില സംബോധനനാമങ്ങളുടെ അർത്ഥതലങ്ങൾ വീണ്ടും ഓർമ്മിക്കേണ്ടതുണ്ട് എന്ന് തോന്നുന്നു. പുരോഹിതരെ പല പദപ്രയോഗങ്ങളിലൂടെ നാം സംബോധന ചെയ്യാറുണ്ടല്ലോ.

1) **പുരോഹിതൻ** - വൈദികമതത്തിൽനിന്നും സ്വീകരിച്ച വാക്കാണിത്. മുൻപിൽ സ്ഥാപിക്കപ്പെട്ടവൻ എന്നർത്ഥം.

2) **വൈദീകൻ -** വൈദീകഃ എന്ന സംസ്കൃതപദമാണ് മലയാളത്തിൽ വൈദീകൻ എന്ന വാക്കായി മാറിയത്. വേദത്തെ സംബന്ധിച്ചവൻ എന്നർത്ഥം. വേദം പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നവനാണ് വൈദീകൻ.

3) **പട്ടക്കാരൻ** : പട്ടമുള്ളവൻ പട്ടക്കാരൻ. ഈ പദത്തിന് പദവി, കിരീടം, തലപ്പാവ്, അവകാശപത്രം എന്നിങ്ങനെ അർത്ഥതലങ്ങളുണ്ട്.

4) **കത്തനാർ** : നാഥൻ, പ്രഭു, അവകാശി, കർമ്മം ചെയ്യുന്നവൻ എന്നൊക്കെ അർത്ഥമുള്ള കർത്തൃ എന്ന സംസ്കൃതനാമ ധാതുവിൽ നിന്നുണ്ടായ കർത്താ എന്ന സംസ്കൃതപദം തമിഴിൽ 'കത്തൻ' എന്നും ഈ പദത്തിനു ബഹുമാനസൂചകമായി ആർ എന്ന പ്രത്യയവും ചേർത്ത് കത്തനാർ എന്ന രൂപമുണ്ടായി.

5) **കഹന** : പുരോഹിതൻ, ആചാര്യൻ, എന്നിങ്ങനെയാണ് ഈ സുറിയാനി വാക്കിന്റെ അർത്ഥം. കോഹേൻ എന്ന ഹീബ്രു പദവുമായി ഇതിനു ബന്ധമുണ്ട്. പഴയനിയമത്തിലെ പുരോഹിതൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഹീബ്രു പദമാണ് കോഹേൻ. കഹനൂസാ എന്ന വാക്കിന് ആചാര്യത്വം എന്നാണല്ലോ അർത്ഥം.

**പൗരോഹിത്യവർഷ മുദ്രാവാക്യം** :

വൈദീകവർഷമുദ്രാവാക്യമായി മാർപ്പാപ്പ നൽകിയിരുന്നത് "ക്രിസ്തുവിന്റെ വിശ്വസ്തത വൈദീകരുടെ വിശ്വസ്തത" എന്നതാണ്. ഇത് രണ്ടു ഭാഗങ്ങളായി തിരിച്ചാൽ ഒന്ന് ഒരു പ്രഖ്യാപനമാണ്. രണ്ടാം ഭാഗം ഒരു വെല്ലുവിളിയുമാണ്. പൊതുവിൽ വൈദീകരുടെ വിശ്വസ്തത എന്നത് പ്രാധാന്യം. വിശ്വസ്തത രണ്ടു മേഖലകളിലാണ്, ഒന്ന് അയച്ചവനോടുള്ളത്. രണ്ട് അയയ്ക്കപ്പെട്ടിരിക്കുന്നവരോടുള്ളത്. അപ്പോൾ അയച്ചവനോടും ആർക്കുവേണ്ടി അയക്കപ്പെട്ടിരിക്കുന്നുവോ അവരോടും വൈദീകൻ വിശ്വസ്തതയുള്ളവനായിരിക്കണം. ലോകത്തെ സ്നേഹിച്ച് പിതാവിന്റെ ഇഷ്ടപ്രകാരം ലോകത്തിലേക്കുവന്ന യേശുക്രിസ്തു പിതാവിന്റെ ഹിതമായ രക്ഷാകരദൗത്യം നിറവേറ്റുന്നതിന് അവസാനംവരെ വിശ്വസ്തത കാണിച്ചു. ദൗത്യമായ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പും, ഭൂമിയിലെ ദൈവരാജ്യസ്ഥാപനത്തിലും അവസാന തുള്ളി രക്തവും ഒഴുക്കിയ യേശു ദൈവജനത്തോടും പരിപൂർണ്ണ വിശ്വസ്തത കാണിച്ച് എല്ലാം പൂർത്തിയായി എന്ന വാക്കിലൂടെ തന്റെ വിശ്വസ്തതയ്ക്ക് മുദ്രചാർത്തി. എല്ലാ ബഹുമാനപ്പെട്ട വൈദീകരും വിളിച്ചവനോടും അയയ്ക്കപ്പെട്ടിരിക്കുന്നവരോടുമുള്ള വിശ്വസ്തതയെക്കുറിച്ച് ഇക്കാലയളവിൽ ആത്മശോധന നടത്തിയെന്ന് വിശ്വസിക്കാം. (കടപ്പാട്-താലന്ത്)

**വൈദീകൻ യേശുവിന്റെ ഇഷ്ടപുത്രൻ** :

വൈദീകൻ തെരഞ്ഞെടുക്കപ്പെടുന്നത് അല്ലെങ്കിൽ വിളിക്കപ്പെട്ടിരിക്കുന്നത് യേശുവിന്റെ കൂടെയായിരിക്കുവാനും, അയയ്ക്കപ്പെടുവാനുമാണ് (മർ : 3:14-15) വൈദീകരുടെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡമോ യേശുവിന്റെ ഇഷ്ടപ്പെടലാണ് (മർക്കോ 3:13)

എത്രമാത്രം യേശുവിന്റെ കൂടെയായിരിക്കാൻ സമയം കണ്ടെത്തുന്നുവോ, യേശുവിന്റെ ഹൃദയത്തിൽ സ്ഥാനം കണ്ടെത്തുന്നുവോ അത്രമാത്രം വൈദീകജീവിതത്തിനും അർത്ഥമുണ്ട്, ഫലമുണ്ട്. പുരോഹിതദൗത്യങ്ങളായ പ്രവാചക, പുരോഹിത, രാജകീയ ദൗത്യനിർവ്വഹണത്തിന്റെ തോതിലാണ് വൈദീകന്റെ തനിമ വെളിപ്പെടുക. ഈ ത്രിവിധ ദൗത്യനിർവഹണത്തിൽനിന്നു മാറി ഇതര ജോലികളിൽ സംതൃപ്തി കണ്ടെത്തുന്ന വൈദീകർക്ക് പൗരോഹിത്യ തനിമ നഷ്ടമാകും. പൗരോഹിത്യം ഒരു തൊഴിലല്ലാ, ജീവിതമാർഗ്ഗമല്ല, മറിച്ച് അത് വിളിക്കനുസരിച്ചുള്ള, വിളിച്ച് വേർതിരിച്ച യേശുവിന്റെ ഇഷ്ടമനുസരിച്ചുള്ള ഒരു ജീവിതക്രമമാണ് ജീവിതരീതിയാണ്. (A new style of life) (ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ)

## വൈദീകൻ യേശുവിന്റെ കൂടെയായിരിക്കുന്നവൻ

വൈദീകജീവിതത്തിന്റെ മുഖമുദ്ര വ്യക്തിപരമായ ജീവിതവിശുദ്ധിയാണ്. ഇത് സാധ്യമാകുക ദൈവത്തോടു കൂടെയായിരിക്കുന്നതിലാണ്. ഇതിനുള്ള മാർഗമോ, വൈദീകൻ പ്രാർത്ഥനയുടെ മനുഷ്യനാകുക എന്നതിലാണ്. വി. മർക്കോ : 6:30-32, ലൂക്കാ : 5:16ലും നാം കാണുന്നത് യേശു നേടിയെടുത്ത ശക്തിയെപ്പറ്റിയാണ്. അത് തന്റെ പിതാവായ ദൈവത്തോടുള്ള നിരന്തര ബന്ധത്തിൽ നിന്നായിരുന്നു. ദിനംപ്രതി പിതാവുമായി നടത്തിയ ഈ വ്യക്തിബന്ധത്തിൽനിന്നും സംലഭ്യമാക്കിക്കൊണ്ടിരുന്ന ശക്തിയായിരുന്നു തന്റെ പഠിപ്പിക്കലിന്റെയും സുഖപ്പെടുത്തലിന്റെയുമൊക്കെ ആധികാരികത. വിശുദ്ധവചനം യേശുവിനോടുള്ള ആധികാരിക ബന്ധത്തിനുള്ള പ്രധാന മാർഗമാണല്ലോ! എങ്കിൽ വൈദീകൻ നിരന്തരം ദൈവവചനം പാരായണം ചെയ്യുന്നവനും, ധ്യാനിക്കുന്നവനുമാകണം. യേശുവചനം ഹൃദയത്തിൽ സംഗ്രഹിച്ചാൽ മാത്രമേ അധരത്തിൽ നിന്നും വചനം വാക്കുകളായി പുറത്തു വരുകയുള്ളൂ. ഇന്ന് പള്ളിപ്രസംഗങ്ങളിലും, എന്തിനു സുവിശേഷ പ്രസംഗത്തിൽപ്പോലും ദൈവവചനത്തെക്കാളധികം കഥകളും, തമാശകളുമായിപ്പോകുന്നില്ലേ എന്ന് ആത്മശോധന ആവശ്യമുണ്ടെന്നു തോന്നുന്നു.

മണിക്കൂറുകളും, കിലോമീറ്ററുകളും നടന്നുവന്നിട്ടും വി. കുർബാനക്കു മുൻപും പിൻപും വി. മദ്ബഹായിൽ കുമ്പിട്ടു പ്രാർത്ഥിച്ചിരുന്ന വൈദീകരെ കാണുകയും, ആവേശംകൊള്ളുകയും ചെയ്തിട്ടുണ്ട്. ഇന്നും പള്ളിയിലിരുന്നു പ്രാർത്ഥിക്കുന്ന വൈദീകരെ കാണുന്നത് ദൈവജനത്തിന് വലിയ ആവേശവും, സാക്ഷ്യവുമാണ്. യാമപ്രാർത്ഥ

നകളും, സന്ധ്യാനമസ്കാരങ്ങളുമൊക്കെ പള്ളിയിൽത്തന്നെ നടത്തുവാൻ പള്ളിമേടകളിൽ താമസിക്കുന്ന വൈദീകർക്കെങ്കിലും സാധിച്ചിരുന്നെങ്കിൽ ഇക്കാലഘട്ടത്തിലെ വലിയ സാക്ഷ്യമാകുമായിരുന്നു.

**മാനുഷികമൂല്യങ്ങൾ :**

വൈദീകൻ തന്റെ വാക്കിലും, പ്രവൃത്തിയിലും നല്ല മനുഷ്യനാകേണ്ടതാണ്. ആധികാരികതയും, ആർദ്രതയും, സൗമ്യതയും, സുതാര്യതയും ജനം വൈദീകനിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. വാക്കുകളും, പ്രസംഗങ്ങളും മറ്റുള്ളവരെ വേദനിപ്പിക്കുന്നതും, അരിശംകൊള്ളിക്കുന്നതുമാകരുത്. ആരോടും പകയോ, പ്രതികാരമോ പാടുള്ളതുമല്ല. ഈ ശൈലിയാണ് ഒരു വൈദീകനിൽനിന്നും ജനം പ്രതീക്ഷിക്കുന്നത്. തന്നെക്കാൾ പ്രായമുള്ളവരെപ്പോലും വെറും പേരുകൾമാത്രം വിളിക്കുന്ന യുവവൈദീകരെ ഞാൻ കണ്ടിട്ടും, കേട്ടിട്ടുമുണ്ട്. പരസ്പരം കുറ്റം പറയുന്ന വൈദീകരും തങ്ങളുടെ സ്ഥാനമാനങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടി മറ്റുള്ളവരെ അകറ്റിനിർത്തുന്നവരെയും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പള്ളിയുടെ വലിപ്പമോ, സ്ഥാപനത്തിലെ ജോലിയോ, അതിലെ അധികാരമോ പൗരോഹിത്യത്തിന്റെ വലിപ്പം എന്നു ധരിക്കാതെ അജപാലനരംഗത്തെ ശുശ്രൂഷയാണ് വലുപ്പം എന്നു കണ്ടെത്താൻ ഇനിയും താമസം പാടില്ല. പൗരോഹിത്യരംഗത്തെ വേഷവിധാനവും സാക്ഷ്യമാകേണ്ടതുണ്ട്. 12-ാം പീയൂസ് മാർപ്പാപ്പ പറയുന്നത് വൈദീകരുടെ പ്രഥമദൗത്യം വിശുദ്ധരായിത്തീരുക എന്നുള്ളതാണെന്നാണ്. വി. ജോൺ മരിയവിയാനിയെ ഇക്കാര്യത്തിൽ മാതൃകയാക്കാൻ ജോൺ 23-ാം മാർപ്പാപ്പയും, ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയും വൈദീകർക്കെഴുതിയ കത്തുകളിൽ സൂചിപ്പിക്കുന്നുണ്ട്.

**വെല്ലുവിളികൾ :**

പൗരോഹിത്യജീവിതത്തിന് ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്.

സത്യത്തെ വളച്ചൊടിച്ചും, അസത്യങ്ങൾ, അർദ്ധസത്യങ്ങൾ ഇവ പ്രചരിപ്പിച്ചും, പർവ്വതീകരിച്ചും ഒറ്റപ്പെട്ട സംഭവങ്ങൾ സാർവ്വത്രികമാക്കിയും, കള്ളക്കേസുകളിൽ കുടുക്കിയുമൊക്കെ ഇന്ന് സഭക്കും, പൗരോഹിത്യത്തിനുമെതിരെ തിന്മയുടെ ശക്തികൾ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം വിഷയങ്ങളിലേക്ക് എത്തിച്ചേരാൻ നിർഭാഗ്യവശാൽ ചെറിയ ചെറിയ സംഭവങ്ങൾ അവിടവിടെ ഉണ്ടാകുന്നു എന്നത് ഖേദകരമാണ്. ഉതപ്പിനു കാരണക്കാരായ ഏതാനും വൈദീകരുടെ അവിശ്വസ്തത, സഭാശുശ്രൂഷകരായ മഹാഭൂരിപക്ഷം വൈദീകരുടെ ബലഹീനാവസ്ഥയെ ഏറ്റു പറയുവാനും, വളരെ കൂടുതൽ ദൈവകൃപയിൽ

ആശ്രയിക്കുവാനും നിർബന്ധിതരാക്കുന്നു. കർത്താവേശുമിശിഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാകുന്നു." നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും, പ്രാവുകളെപ്പോലെ നിഷ്ക്കളങ്കരുമായിരിക്കുവിൻ." (മത്താ : 10:16)

ഇത്തരുണത്തിൽ മലങ്കരസഭാ പുനസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി വന്ദ്യവൈദികർക്കായി നൽകിയ പ്രായോഗിക നിർദ്ദേശങ്ങളിൽ ചിലത് ആ വന്ദ്യതാതന്റെ ഓർമ്മപ്പെരുന്നാളാചരിക്കുന്ന ഈ അവസരത്തിൽ ഈ ലേഖനത്തോടു ചേർത്തു കുറിക്കുന്നത് അനുയോജ്യമെന്നു കരുതുന്നു.

**വന്ദ്യപിതാവിന്റെ വാക്കുകൾ!**

കർത്താവിൽ പ്രിയനേ!

കാതോലിക്കാപട്ടക്കാരനായ താങ്കൾ എല്ലാറ്റിനും തിരുസഭയുടെ ഉപദേശാനുസരണം ജീവിയ്ക്കുകയും, താങ്കളുടെയും, അന്യരുടെയും ആത്മരക്ഷാർത്ഥം സർവ്വാത്മനാ യത്നിക്കുകയും ചെയ്യേണ്ടത് കടമയാകുന്നു. അന്യരുടെ ആത്മരക്ഷയിൽ ദൈവത്തിന്റെ ആത്മരക്ഷ സ്വന്തശ്രമത്താൽ സാധിക്കേണ്ടവനെന്ന നിലയിലും താങ്കൾ ദൈവകൃപയുടെ സഹായം മൂലം സ്വയം വിശുദ്ധീകരിക്കാൻ കടപ്പെട്ടിരിക്കുന്നു.

ദിനംപ്രതി ദിവ്യബലി അർപ്പിക്കുന്നത് പട്ടക്കാരനു മഹാഭാഗ്യം ആകുന്നു. വി. കുർബാനയ്ക്കു മുൻപും, അതിനുശേഷവും കുറഞ്ഞ പക്ഷം കാൽമണിക്കൂർ നേരമെങ്കിലും ഒരുക്കത്തിനും, സ്തോത്രത്തിനുമായി വിനിയോഗിക്കേണ്ടതാകുന്നു. ദിനംപ്രതി രാവിലെ കുറഞ്ഞ പക്ഷം അരമണിക്കൂർനേരം ധ്യാനിക്കണം. ദിനംപ്രതി അന്നന്നത്തെ ജീവിതം പരിശോധിക്കണം.

ദൈവത്തിന്റെ പുരോഹിതനായ താങ്കളുടെ സ്ഥിതിക്കനുയോജ്യമായുള്ള "വിഷയസുഖവിരക്തി" പാലിക്കുവാൻ താങ്കൾ നിഷ്കർഷയുള്ളവനായിരിക്കണം "വെടിപ്പിൽ നിന്നെത്തന്നെ കാത്തുകൊള്ളുക" (1 തിമോ 5:22)

ദൈവത്തിന്റെ പട്ടക്കാരനായ താങ്കൾ സകലപാപങ്ങളിൽനിന്നും അകന്നിരിക്കണം. ദൈവത്തെ കൈകാര്യം ചെയ്യുന്ന താങ്കൾ ലഘുപാപങ്ങളിൽനിന്നുപോലും വിമുക്തനായിരിക്കാൻ ശ്രദ്ധിക്കണം. വൈദീകന്റെ വസ്ത്രം സ്ഥാനോചിതമായും, ശുചിയായും ഇരിക്കണം. പുറത്തു സഞ്ചരിക്കുമ്പോഴും, സദസുകളിലും കറുത്തതോ വെളുത്തതോ ആയ ളോഹയും, ഇടക്കെട്ടും ചെരിപ്പും ധരിക്കുന്നതുകൊള്ളാം. പട്ടക്കാരുടെ

സ്ഥിതിക്കു ചേരാത്ത വിനോദങ്ങൾ, കച്ചവടം മുതലായവയിൽനിന്ന് ഒഴിഞ്ഞിരിക്കണം.

വിശുദ്ധിയെന്ന അമൂല്യരത്നം കളങ്കമെന്യേ പരിരക്ഷിക്കുന്നതിന് വിനയപൂർവ്വം ചെയ്യുന്ന പ്രാർത്ഥനയും, ജാഗരൂകതയോടുകൂടിയ ഇന്ദ്രിയ നിഗ്രഹവും അത്യാവശ്യമാകുന്നു. അടക്കമൊതുക്കം, ശുചിത്വം, വിനയം, ക്രമം, മിതത്വം എന്നീ ഗുണങ്ങൾ താങ്കളുടെ അലങ്കാരമായിരിക്കട്ടെ.

പട്ടക്കാരന്റെ അധരങ്ങൾ ദിവ്യജ്ഞാനത്തെ വഹിയ്ക്കേണ്ടിയിരിക്കുന്നു. സ്വന്തം പ്രവൃത്തികൾ പ്രസംഗത്തിന് വിപരീതമാകാതിരിക്കട്ടെ. മാതൃകാജീവിതം ഏറ്റം ഫലവത്തായ പ്രസംഗമെന്നും ഓർമ്മിക്കേണ്ടിയിരിക്കുന്നു.

**ആശംസകൾ** :

ജൂലൈ മാസം ഭാരതസഭക്കും, മലങ്കരസഭക്കും, നാലാഞ്ചിറ വലിയ ഇടവകയ്ക്കും ധന്യമാസം തന്നെ. വലിയ അനുസ്മരണങ്ങൾ, ആഘോഷങ്ങൾ, ജനസമൂഹത്തിന്റെ ഒന്നുചരേൽ. എല്ലാം കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു പിതാക്കന്മാരുടെ പേരിൽ. കർത്താവിന്റെ തിരുമുഖം കണ്ട് "എന്റെ കർത്താവും, എന്റെ ദൈവവും" എന്ന് ഹൃദയം കൊണ്ട് ഏറ്റുപറഞ്ഞ്, നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്ന ആപ്തവാക്യവുമായി ഭാരതത്തിലേക്കിറങ്ങി ഇവിടെ രക്തം ചിന്തപ്പെട്ട അപ്പസ്തോല പാരമ്പര്യത്തിൽ നിന്നുൾക്കൊണ്ട ആവേശം മുഖത്തു ജ്വലിച്ച മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും നമ്മെയും പ്രോജ്ജ്വലരാക്കട്ടെ. മാർ തോമാശ്ലീഹായുടെ ദുക്റാനാപ്പെരുന്നാളും, മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളും കൊണ്ടാടുന്ന നാലാഞ്ചിറ ഇടവകയ്ക്ക് എല്ലാ നന്മകളും നേരുന്നു. പൗരോഹിത്യവർഷാചരണ സമാപനകാലയളവിൽ നാം ദൈവമക്കളായിത്തീരുവാൻ കാരണക്കാരായ എല്ലാ പിതാക്കന്മാരെയും, വന്ദ്യവൈദീകരെയും നന്ദിയോടെ സ്മരിക്കുന്നു. ദീപ്തമായ ആ സ്മരണകൾക്കു മുൻപിൽ പ്രണാമം. ആഗോള കത്തോലിക്കാ സഭയിലെയും, മലങ്കര കത്തോലിക്കാ സഭയിലെയും, പ്രത്യേകിച്ചു തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എല്ലാ പട്ടക്കാരെയും നന്ദിയോടെ ഓർമ്മിക്കുകയും, യേശുവിൽ നിന്ന് ശക്തി സംഭരിച്ച് ദൈവജനത്തെയും, മലങ്കരസഭയെയും വളർത്തുവാൻ എല്ലാ കൃപാദാനങ്ങളും എല്ലാ വൈദീകർക്കും ലഭിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു. വന്ദ്യവൈദീകരെ നിങ്ങൾ ഞങ്ങൾക്കുവേണ്ടി അർപ്പിക്കുന്ന പ്രാർത്ഥനകൾക്ക് ഈ പൗരോഹിത്യ വർഷാചരണ സമാപന നാളിൽ നന്ദി. ●



# തോമാശ്ലീഹ
## വിശ്വാസത്തിന്റെ വിശുദ്ധസാക്ഷ്യം

പ്രൊഫ. പി.ഐ. പോൾ, പാലക്കാട്ടേൽ

ഭാരതത്തിന്റെ അപ്പസ്തോലൻ എന്ന നിലയിൽ നമുക്കു സുപരിചിതനാണ് വി. തോമാശ്ലീഹ. എന്നാൽ ബൈബിളിലെ സ്ഥിതി അപ്രകാരമല്ല; വളരെ കുറച്ചിടങ്ങളിൽ മാത്രമാണ് അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുള്ളത്. തോമാശ്ലീഹായുടെ ശിഷ്യത്വത്തിലേക്കുള്ള വിളിയെക്കുറിച്ചോ അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലത്തെക്കുറിച്ചോ ഒന്നും തന്നെ നമുക്കു കൃത്യമായ അറിവുകളില്ല. എന്നാൽ "സംശയാലുവായ തോമ" "(Doubting Thomas)" എന്ന, ഒരുപക്ഷേ അല്പം 'കുപ്രസിദ്ധമെന്നു തോന്നാവുന്ന പദപ്രയോഗം തോമാശ്ലീഹയെ അറിയാത്തവർ പോലും കേട്ടിരിക്കാനാണു സാദ്ധ്യത.

വി. മത്തായിയുടെയും (10:3), മർക്കോസിന്റെയും (3:18), ലൂക്കോസിന്റെയും (6:15) സുവിശേഷങ്ങളിലും അപ്പസ്തോല പ്രവൃത്തികളിലും (1:13) ക്രിസ്തുശിഷ്യൻമാരുടെ പട്ടികയിലെ ഒരു പേരു മാത്രമാണ് തോമസ്. എന്നാൽ, പരിമിതമെങ്കിൽകൂടി തോമാശ്ലീഹായുടെ വ്യക്തിത്വം മറ്റു പല ശിഷ്യൻമാരുടെയുംകാൾ തെളിമയോടെ വെളിപ്പെടുത്തിതരുന്നത് വി. യോഹന്നാൻ ശ്ലീഹയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വളരെ സവിശേഷമായ സ്ഥാനമാണ് തോമാശ്ലീഹയ്ക്ക് നല്കിയിരിക്കുന്നത്. നാലിടങ്ങളിൽ (11:6, 14:5, 20:24-29, 21:2) വി. യോഹന്നാൻ തോമാശ്ലീഹയെക്കുറിച്ച് പറയുന്നുണ്ട്.

കരുത്തിന്റെയും ധൈര്യത്തിന്റെയും പ്രതീകമായിട്ടാണ് വിശുദ്ധ യോഹന്നാൻ തോമാശ്ലീഹയെ അവതരിപ്പിക്കുന്നത്. യേശു തന്റെ സ്നേഹിതനായ ലാസറിനെ ഉയിർപ്പിക്കുവാനായി യൂദയായിലെ ബഥാനിയായിലേക്കു പോകുന്നതിന് തന്നോടൊപ്പം വരുവാൻ ശിഷ്യന്മാരോട് അഭ്യർത്ഥിക്കുന്നു. എന്നാൽ ശിഷ്യന്മാരാകട്ടെ യഹൂദൻമാർ കല്ലെറിഞ്ഞു കൊന്നേക്കുമെന്ന ഭയം നിമിത്തം പോകാൻ മടിക്കുന്നുവെന്നു മാത്രമല്ല ബഥാനിയായിലേക്കു പോകുന്നതിൽ നിന്നു യേശുവിനെ

പിന്തിരിപ്പിക്കുവാനും പരിശ്രമിക്കുന്നു. ഒരു തീരുമാനം എടുക്കേണ്ട ഈ സന്ദർഭത്തിൽ മറ്റു ശിഷ്യന്മാർക്കുള്ള ഭയമോ സംശയങ്ങളോ ഒന്നും തോമാശ്ലീഹയെ അലട്ടുന്നതായി കാണുന്നില്ല. മറിച്ച്, യാതൊരു സംഭ്രമവും കൂടാതെ, 'മരണം കാത്തിരിക്കുന്ന' യൂദയായിലേക്കു യേശുവിനോടൊപ്പം പോകുവാൻ കൂടെയുള്ളവരെ ധൈര്യപ്പെടുത്തുന്ന ഒരു യഥാർത്ഥ നേതാവായി അദ്ദേഹം മാറുകയാണ് ചെയ്യുന്നത്. "അവനോടൊപ്പം മരിക്കുവാൻ നമുക്കും പോകാം" എന്ന ഒറ്റ വാക്യത്തിലൂടെ തോമാശ്ലീഹയുടെ അസാമാന്യമായ ധൈര്യം, ഊർജ്ജസ്വലത, ആത്മവിശ്വാസം, യേശുവുമായി ഉണ്ടായിരുന്ന ആത്മബന്ധം, ക്രിസ്തുവിനോടൊപ്പമായിരിക്കുമ്പോൾ ഒന്നും ഭയക്കാനില്ലെന്ന അടിയുറച്ച വിശ്വാസം തുടങ്ങി ഒട്ടനവധി കാര്യങ്ങളാണ് സംശയാതീതമായി നമുക്കു വെളിപ്പെട്ടു കിട്ടുന്നത്. യേശുവിനോടൊപ്പം ജീവൻ വെടിയാൻപോലും തയ്യാറുള്ളത്ര ആഴമായ ആത്മബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. യേശുവിന്റെ സുവിശേഷവുമായി റോമാസാമ്രാജ്യത്തിനു വെളിയിലേക്ക് യാത്ര ചെയ്ത ഏക ശിഷ്യൻ തോമാശ്ലീഹ മാത്രമാണ്. അപരിചിതനാടുകളുടെ അനിശ്ചിതത്വങ്ങളിലേക്ക് യാതൊരു ആശങ്കയുമില്ലാതെ കടന്നുചെല്ലാൻ അദ്ദേഹത്തിനു പ്രചോദനമേകിയതും ഇതേ ആത്മബന്ധം തന്നെ ആയിരിക്കണം. ഒടുവിൽ യേശുവിനെപ്പോലെ കുരിശിലാണ് തോമാശ്ലീഹയും മരിച്ചുവീഴുന്നത്. (കുന്തം കൊണ്ടുള്ള കുത്തേറ്റ് താൻ നിർമ്മിച്ച കൽക്കുരിശിലേക്ക് കമിഴ്ന്നു വീണാണ് അദ്ദേഹം ജീവൻ വെടിഞ്ഞത് എന്നു പാരമ്പര്യങ്ങൾ സൂചിപ്പിക്കുന്നു.)

യൂദയായിലേക്കു യേശുവിനോടൊപ്പം പോകാൻ ഒട്ടും മടി കാണിക്കാതിരുന്ന അതേ തോമാശ്ലീഹ തന്നെയാണ് അന്ത്യഅത്താഴ വേളയിൽ ക്രിസ്തുവിനെ പിൻചെല്ലുന്നതിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുന്നതും. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ടെന്നും, നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ ഞാൻ പോകുന്നുവെന്നും, സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകുമെന്നും, ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാമെന്നു"മെല്ലാം യേശു പറയുന്നത് (യോഹ. 14:1-4) തോമാശ്ലീഹയ്ക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിനു മാത്രമല്ല മറ്റു പലർക്കും യേശുവിന്റെ വാക്കുകളുടെ പൊരുൾ ഗ്രഹിക്കാനായിരുന്നില്ല എന്നത് വിശുദ്ധ വചനങ്ങൾ തുടർന്നു വായിക്കുമ്പോൾ നമുക്കും ബോദ്ധ്യമാകുന്നു. അവരാരും തന്നെ യേശുവിനോടു ചോദിച്ച് സംശ

യനിവർത്തി വരുത്തുവാൻ ധൈര്യപ്പെടുന്നില്ല. പക്ഷേ, തോമാശ്ലീഹ യാകട്ടെ മടിച്ചുനില്ക്കാതെ" നീ എവിടേക്കു പോകുന്നുവെന്നോ, അവി ടേക്കുള്ള വഴി ഏതെന്നോ ഞങ്ങൾക്കറിയില്ല" (യോഹ.14:5) എന്ന് യേശുവിനോടു പറയുന്നു. ഈ സംശയം അദ്ദേഹം ഉയർത്തിയത് തനി ക്കുവേണ്ടി മാത്രമായിരുന്നില്ല; മറിച്ച് എല്ലാവർക്കും വേണ്ടിയായിരുന്നു. അതേപോലെ തന്നെ "വഴിയും സത്യവും ജീവനും ഞാനാകുന്നു; എന്നി ലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" എന്ന മനോജ്ഞമായ വെളിപ്പെടുത്തൽ യേശു നല്കുന്നതും തോമാശ്ലീ ഹയ്ക്കു മാത്രമായിട്ടല്ല; മറിച്ച് സകല മനുഷ്യർക്കുമായിട്ടാണ്. പിതാ വായ ദൈവവും പുത്രനും തമ്മിലുള്ള അതിമനോഹരമായ ബന്ധത്തിന്റെ ചിത്രവും യേശു തുടർന്നു നമുക്കു നല്കുന്നുണ്ട്. നിത്യ ജീവിതത്തെക്കുറിച്ചുള്ള പ്രകാശപൂർണ്ണമയ ഈ ദർശനം ക്രിസ്തു വിൽനിന്നു നമുക്കു ലഭിക്കുവാൻ ഒരു നിമിത്തമായതിന്റെ പേരിൽ 'സംശയാലു'വായ തോമാശ്ലീഹയോട് നാം എക്കാലവും കടപ്പെട്ടിരി ക്കുന്നു. മനസ്സിലാകാത്ത കാര്യങ്ങൾ അപ്പപ്പോൾതന്നെ ചോദിച്ച് ബോദ്ധ്യപ്പെടുവാനുള്ള ആർജ്ജവം അദ്ദേഹം പുലർത്തിയിരുന്നു എന്ന താണ് സത്യം. അല്ലാതെ, 'സംശയാലുവായ തോമസ്' എന്ന് നാം ആക്ഷേപിക്കുന്നതുപോലെ ആഴമില്ലാത്തതായിരുന്നില്ല തോമാശ്ലീഹ യുടെ വിശ്വാസജീവിതം.

കണ്ടിട്ടും വിശ്വസിക്കാത്ത നമ്മൾ ഒരുപക്ഷേ 'കാണാതിരുന്ന തുകൊണ്ടു വിശ്വസിക്കാതിരുന്ന' തോമാശ്ലീഹയെ കുറ്റപ്പെടുത്തിയേ ക്കാം. എന്നാൽ 'അവിശ്വാസിയാകാതെ വിശ്വാസിയാവുക' എന്നു ഹൃദ യപൂർവ്വം ഉപദേശിക്കുന്നതല്ലാതെ യേശു ഒരിക്കലും തോമാശ്ലീഹയെ കുറ്റപ്പെടുത്തുന്നില്ല' എന്നതു നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. അവി ശ്വാസത്തിന്റെ നിദർശനങ്ങളായി നാം വിവക്ഷിക്കുന്ന സന്ദർഭങ്ങൾ ഒന്നുപോലും യഥാർത്ഥത്തിൽ അങ്ങനെയല്ല. വിശ്വാസരാഹിത്യമായി രുന്നില്ല അദ്ദേഹത്തിന്റെ സംശയങ്ങളുടെ അടിസ്ഥാനം. മറിച്ച്, തന്റെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിനുള്ള സത്യസന്ധമായ ശ്രമങ്ങൾ മാത്രമായിരുന്നു അവ. അറിഞ്ഞുവിശ്വസിക്കുക എന്ന നിഷ്ഠ അദ്ദേഹ ത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു. ക്രിസ്തു പോലും തോമാശ്ലീഹയുടെ ഇത്തരം ശാഠ്യങ്ങൾക്കു മുമ്പിൽ സ്നേഹ പൂർവ്വം കീഴടങ്ങുന്നതായിട്ടാണ് നാം കാണുന്നത്. യേശു ഉയിർത്തെ ഴുന്നേറ്റുവെന്ന് "അവന്റെ കൈകളിൽ ആണിയുടെ പഴുതുകൾ ഞാൻ

കാണുകയും, അവയിൽ എന്റെ വിരൽ ഇടുകയും, അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ. 20:25) എന്നു ശഠിക്കുന്ന തോമാശ്ലീഹയ്ക്കു തെളിവു നല്കുന്നതിനായി മാത്രം ഉദ്ധിതനായ യേശു രണ്ടാമതും പ്രത്യക്ഷപ്പെടുന്നു. "നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക" എന്ന് യേശു ആവശ്യപ്പെടുമ്പോൾ തോമാശ്ലീഹ അപ്രകാരം ചെയ്യുന്നതായി ബൈബിളിൽ പറയുന്നില്ല. മറിച്ച്, "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന നിലവിളിയോടെ വിശ്വാസം ഏറ്റുപറയുകയാണ് ചെയ്യുന്നത്. ഹൃദയത്തിൽ നിന്നു പുറപ്പെട്ട ഈ വാക്കുകൾ പോലെ മനോഹരമായ ഒരു പ്രാർത്ഥന നമുക്കു വേറെയില്ല എന്നതാണ് സത്യം.

സംശയിക്കുന്ന, ചോദ്യങ്ങൾ ചോദിക്കുന്ന, അന്വേഷിക്കുന്ന മനസ്സുകൾക്കെല്ലാം ഉത്തരങ്ങൾ ലഭിക്കുന്ന, ഒരിടം – എന്നെന്നും ജീവിക്കുന്ന രക്ഷകനായ യേശു – ഉണ്ടെന്നുള്ളതിനുള്ള ഉറച്ച സാക്ഷ്യമാണ് വി. തോമാശ്ലീഹ. ക്രിസ്തുവിന്റെ തിരുമുറിവുകളുടെ ദർശനത്തോടെ തോമാശ്ലീഹയുടെ സംശയങ്ങൾ തീരുകയാണ്. തോമാശ്ലീഹയിൽ നിന്നു വിശ്വാസദീപം ഏറ്റുവാങ്ങിയ നമുക്കും ആ ദിവ്യാനുഭവത്തിനായി പ്രാർത്ഥിക്കാം. ●


**ST. THOMAS MALANKARA CATHOLIC CHURCH**

Nalanchira, Thiruvananthapuram-695 015

Parish Bulletin

**Advertisement Tariff**

| | | |
|---|---|---|
| Back Cover Colour | - | 3000.00 |
| " Black & White | - | 2000.00 |
| Back Cover Inner Colour | - | 2000.00 |
| " Black & White | - | 1500.00 |
| Inner Full Page Black & White | - | 1000.00 |
| " Half Page " | - | 500.00 |
| " Quartar Page " | - | 250.00 |

# സ്മരണീയദിനങ്ങൾ

*തയ്യാറാക്കിയത് :* **സാം കുരുവിള**

പൈനുംമൂട്ടിൽ സാംവില്ല



*'ദൈവഭക്തിയാണ്*
*ജ്ഞാനത്തിന്റെ ഉറവിടം"*
*(സുഭാ 9/10)*

**ജൂലൈ 2010**

| | | |
|---|---|---|
| 1 വ്യാഴം | : | വചനപ്രഘോഷണം (വൈകുന്നേരം 7ന്)<br>റവ. ഫാ.ജോയ് ചെഞ്ചേരിൽ MCBS |
| 2 വെള്ളി | : | ആഘോഷമായ പെരുന്നാൾ റാസ (വൈകുന്നേരം 7 ന്) |
| 3 ശനി | : | ഇടവക മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടെ ദുക്റോനോത്തിരുനാൾ, ഇടവക പെരുന്നാൾ, കുട്ടികളുടെ ആദ്യ കുർബാന സ്വീകരണം, കലാസന്ധ്യ (വൈകുന്നേരം 6 ന്) |
| 4 ഞായർ | : | പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ |
| 7 ബുധൻ | : | പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ |
| 10 ശനി | : | ബഥാനിയാ കരിസ്മാറ്റിക് ധ്യാനം |
| 11 ഞായർ | : | വി. ബനഡിക്ട് |
| | : | പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ<br>സംയുക്തപ്രാർത്ഥനായോഗം |
| 14 ബുധൻ | : | പദയാത്രികർക്ക് സ്വീകരണം ഇടവക ദൈവാലയത്തിൽ |
| 15 വ്യാഴം | : | ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുനാൾ |
| 17 ശനി | : | തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം |
| 18 ഞായർ | : | പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ |
| 22 വ്യാഴം | : | വി. മഗ്ദലേനമറിയം |
| 25 ഞായർ | : | പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായർ |
| 28 ബുധൻ | : | വാഴ്ത്തപ്പെട്ട വി. അൽഫോൻസ |

**ആഗസ്റ്റ് 2010**

| | | |
|---|---|---|
| 1 ഞായർ | : | പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ<br>പതിനഞ്ചുനോമ്പാരംഭം<br>മലങ്കര കത്തോലിക്കാ സണ്ടേസ്കൂൾ ദിനം |

| | | |
|---|---|---|
| 4 ബുധൻ | : | ഇടവക വൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയവിയാനി |
| 6 വെള്ളി | : | നമ്മുടെ കർത്താവിന്റെ തേജസ്കരണം, ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം |
| 8 ഞായർ | : | തേജസ്കരണത്തിനുശേഷം ഒന്നാം ഞായർ വി. ഡൊമിനിക്ക് |
| 14 ശനി | : | ബഥാനിയാ കരിസ്മാറ്റിക് ധ്യാനം |
| 15 ഞായർ | : | തേജസ്കരണത്തിനുശേഷം രണ്ടാം ഞായർ<br>പതിനഞ്ചുനോമ്പു വീടൽ<br>പരി. ദൈവമാതാവിന്റെ സ്വർഗാരോപണം<br>മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികം<br>ഭാരതസ്വാതന്ത്ര്യദിനം |
| 22 ഞായർ | : | തേജസ്കരണത്തിനുശേഷം മൂന്നാം ഞായർ<br>സാമൂഹ്യനീതി ഞായർ |
| 28 ശനി | : | വി. അഗസ്റ്റിൻ |
| 29 ഞായർ | : | തേജസ്കരണത്തിനുശേഷം നാലാം ഞായർ |

**സെപ്റ്റംബർ 2010**

| | | |
|---|---|---|
| 1 ബുധൻ | : | എട്ടുനോമ്പാരംഭം |
| 5 ഞായർ | : | തേജസ്കരണത്തിനുശേഷം അഞ്ചാം ഞായർ |
| 7 ചൊവ്വ | : | വി.കുർബാന സെയിന്റ് തെരേസാ ചാപ്പലിൽ, തുടർന്ന് മെഴുകുതിരി പ്രദക്ഷിണം ദേവലായത്തിലേക്ക് |
| 8 ബുധൻ | : | പരി. ദൈവമാതാവിന്റെ ജനനപെരുന്നാൾ എട്ടുനോമ്പു വീടൽ |
| 11 ശനി | : | ബഥാനിയാ കരിസ്മാറ്റിക് ധ്യാനം |
| 12 ഞായർ | : | തേജസ്കരണത്തിനുശേഷം ആറാം ഞായർ |
| 14 ചൊവ്വ | : | സ്ലീബാ പെരുന്നാൾ |
| 15 ബുധൻ | : | വ്യാകുല മാതാവ് |
| 19 ഞായർ | : | സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ |
| 20 തിങ്കൾ | : | മലങ്കര പുനരൈക്യദിനം |
| 26 ഞായർ | : | സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ |
| 27 തിങ്കൾ | : | വി. വിൻസെന്റ് ഡിപോൾ ദിനം |
| 28 ചൊവ്വ | : | സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ഓർമ്മ |
| 29 ബുധൻ | : | മുഖ്യ ദൂതന്മാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| 30 വ്യാഴം | : | വി. ജറോം, വി. സോഫിയാ |



# ബാലവേദി

ഏകോപനം : **ശ്രീമതി സൂസമ്മ മൈക്കിൾ**



## പ്രശ്നോത്തരി ഉത്തരങ്ങൾ (2010 ഏപ്രിൽ - ജൂൺ)

1. സാംസൺ, 2. സാമുവൽ, 3. വിൻസന്റ് മാർ പൗലോസ്, 4. കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, 5. ജോഷ്വാ മാർ ഇഗ്നാത്തിയോസ് 6. ദൈവസ്നേഹിതൻ, 7. വി. ലൂക്കാ, 8. ഒലിവ്, 9. വി. ക്രിസോസ്റ്റം, 10. നീറോയുടെ

## ശരി ഉത്തരം അയച്ചവർ

| | |
|---|---|
| 1. വിജിൽ വിക്ടർ | 2. നികിൽ വിക്ടർ |
| 3. നിബിൻ സണ്ണി | 4. നിള സണ്ണി |

## സമ്മാനം നേടിയവർ

| | | |
|---|---|---|
| വിജിൽ വിക്ടർ | - | ഒന്നാം സമ്മാനം |
| നിബിൻ സണ്ണി | - | രണ്ടാം സമ്മാനം |
| നിള സണ്ണി | - | മൂന്നാം സമ്മാനം |



**കഴിഞ്ഞ ലക്കം പ്രശ്നോത്തരി ശരിയുത്തരം അയച്ചവർക്കും, സമ്മാനർഹരായവർക്കും അഭിനന്ദനങ്ങളും, ആശംസകളും**



# പ്രശ്നോത്തരി

**(2010 ജൂലൈ - സെപ്തംബർ)**

1. ഗർഷോം ആരുടെ പുത്രനാണ്?
2. കർത്താവ് മോശയോട് പറഞ്ഞ കാര്യങ്ങളെല്ലാം വിവരിച്ചത് ആര്?
3. ഇസ്രായേലിന്റെ ആദ്യ ജാതൻ?
4. മത്തായിയുടെ സുവിശേഷത്തെ എത്രയായി വിഭജിക്കാം?
5. പാറക്കലീത്ത എന്ന വാക്കിന്റെ അർത്ഥം?
6. ബത്തേരി രൂപതയുടെ പുതിയ അധ്യക്ഷൻ ആര്?
7. നസ്രത്ത് വിട്ട യേശു എവിടെയാണ് പാർത്തത്?
8. ശിഷ്യന്മാരിൽ കാനാൻകാരന്റെ പേര്?
9. പിശാചുക്കളുടെ തലവൻ?
10. യാക്കോബിന്റെ ലേഖനത്തിൽ കൂടുതൽ വാക്യങ്ങളുള്ള അധ്യായം?

(നാലാഞ്ചിറ മലങ്കര കത്തോലിക്ക വലിയപള്ളി സണ്ടേസ്കൂൾ കുട്ടികൾക്ക് പ്രശ്നോത്തരിയിൽ പങ്കെടുക്കാവുന്നതാണ് ശരിയുത്തരങ്ങൾ 2010 ആഗസ്റ്റ് 15 ന് മുമ്പ് ബുള്ളറ്റിൻ കമ്മറ്റിയെ ഏൽപ്പിക്കേണ്ടതാണ്)

# അമ്മ എന്നമ്മ !



സ്നേഹത്തിൻ ഇരിപ്പിടം എന്നമ്മ
സഹനത്തിൻ ഇരിപ്പിടവും എന്നമ്മ
ദൈവത്തിൻ തിരുനടയിൽ വന്നുനിന്നെനിക്ക്
മാതൃകയാം വഴികാട്ടിയെന്നമ്മ
അനശ്വരമാം സ്നേഹത്തിൻ സാരഥി
അനുഗ്രഹത്തിൻ വിശുദ്ധിതേടും
നിർമ്മാല്യം ഉള്ളൊരെന്നമ്മ
ഐശ്വര്യമായി മനസിൽ നിറയുന്നു എന്നമ്മ!

**- സൂര്യ എസ്.എസ്., സൂര്യഭവൻ,**
**എസ്.എച്ച്. കോൺവന്റ്**






**Bijo B. Lokose**

**Amala Benedict Kadakampallil**



## ഇടവകയുടെ 2010-2011 വർഷത്തെ ഓഡിറ്റേഴ്സായി തെരഞ്ഞെടുക്കപ്പെട്ടവർ



**അലക്സ് കുര്യാക്കോസ് തങ്ങളത്തിൽ**



**സാലു പതാലിൽ**

# യുവവേദി

ഏകോപിപ്പിച്ചത് :
ശ്രീ. വിശാൽ സാം വർഗീസ്

## എം.സി.വൈ.എം മിഷനും പ്രവർത്തനവും



പുണ്യചരിതനായ മാർ ഈവാനിയോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രേഷിതപ്രവർത്തനത്തിന്റെ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട്, പ്രേഷിതരംഗത്ത് മിഷൻ പ്രവർത്തനങ്ങളുമായി ഊർജ്ജസ്വലതയോടെ മുന്നോട്ടു പോകുന്ന മലങ്കരകത്തോലിക്കാ സഭയുടെ ശൈലിക്കു ചേർന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നാലാഞ്ചിറ സെയിന്റ് തോമസ് മലങ്കര കത്തോലിക്ക വലിയപള്ളിയിലെ യുവജനങ്ങൾ കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നിർധനരായ വിദ്യാർത്ഥികൾക്കു വർഷാരംഭത്തിൽ പഠനോപകരണങ്ങൾ നൽകാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി കിളിമാനൂരിനടുത്തുള്ള പാപ്പാലായിലെ മലങ്കര കത്തോലിക്ക ദേവാലയം തിരഞ്ഞെടുക്കുകയും ചെയ്തു.

കഴിഞ്ഞ മേയ് 30 തിനു മുപ്പതോളം എം.സി.വൈ.എം അംഗങ്ങൾ ഒരുമിച്ചു കൂടുകയും റവ.ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സിയുടെയും, റവ. സിസ്റ്റർ അമൂല്യ എസ്.ഐ.സിയുടെയും, ലേ-ആനിമേറ്റർ ശ്രീ. ജോസഫ് ജോർജിന്റെയും നേതൃത്വത്തിൽ പാപ്പാലയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. വളരെ ഊഷ്മളമായ ഒരു സ്വീകരണമാണ് പാപ്പാല ഇടവക വികാരി റവ.ഫാ. ഡാനിയേൽ പൂവണ്ണത്തിലച്ചനും അവിടുത്തെ യുവതീയുവാക്കളും കുഞ്ഞുങ്ങളും ഞങ്ങൾക്കു നൽകിയത്.

അവിടുത്തെ യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും അവസ്ഥയും പ്രശ്നങ്ങളും വന്ദ്യവൈദികൻ ഞങ്ങൾക്കു വിശദീകരിച്ചുതന്നു. സമൂഹത്തിൽ നിന്നും തീർത്തും ഒറ്റപ്പെട്ട ഒരു ജീവിതമാണ് അവിടുത്തെ ജനങ്ങളുടേത്. ഗവൺമെന്റിൽനിന്നോ മറ്റധികാരികളിൽനിന്നോ ഒരു സഹായവും ലഭിക്കാതെ ജീവിതത്തോട് അനുദിനം പടപൊരുതി ജീവിക്കുന്ന ഒരു കൂട്ടം മനുഷ്യരാണ് പാപ്പാലയിലുള്ളത്. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ ജീവിക്കുന്ന ഇവർക്കു വിദ്യാഭ്യാസത്തെക്കുറിച്ചോ ജീവിതമൂല്യങ്ങളെ കുറിച്ചോ ഉള്ള അറിവു വേണ്ടവിധം ലഭിച്ചിട്ടുണ്ടായിരുന്നില്ല. അവരുടെ പിന്നോക്കാവസ്ഥയിൽ നിന്നുള്ള മോചനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉണ്ടാവൂ എന്ന ഉദ്ബോധനം അവർക്കുണ്ടാക്കുകയാണ് ഏറ്റവും ആവശ്യമായത് എന്നും വികാരിയച്ചൻ ഓർമ്മിപ്പിക്കുകയുണ്ടായി.

അവിടുത്തെ കുഞ്ഞുങ്ങളുടെ അവസ്ഥയും ജീവിതാന്തരീക്ഷവും ഞങ്ങൾക്കു തീർത്തും വേറിട്ട ഒരു അനുഭവമായിരുന്നു. വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളെയും ജീവിതവിജയത്തിനു വിദ്യാഭ്യാസത്തിനുള്ള പങ്ക് പ്രതിപാദിക്കുന്നതുമായ നിരവധി ഗാനങ്ങളും ചെറുകഥകളും യൂണിറ്റിലെ യുവജനങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അതോടൊപ്പം ആകർഷകമായ കളികളും മറ്റു കലാ പരിപാടികളും, പാപ്പാലയിലെ യുവജനങ്ങളോടും കുഞ്ഞുങ്ങളോടുമൊപ്പം ചേർന്ന് അവതരിപ്പിക്കുകയും ചെയ്തു. തദവസരത്തിൽ രണ്ടു ദേവാലയത്തിലേയും യുവജനങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. നാലാഞ്ചിറ സെയിന്റ് തോമസ് ഇടവകയിലെ അസിസ്റ്റന്റ് വികാരി ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി യുവജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. നാലാഞ്ചിറയിലെ യുവജനങ്ങളെപ്പോലെ വിദ്യാസമ്പന്നരായി മാറുവാൻ പാപ്പാലയിലെ യുവജനങ്ങൾക്കും സാധിക്കും എന്ന് വന്ദ്യ ബഹു. അച്ചൻ അനുസ്മരിപ്പിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരുവാൻ പാപ്പാലയിലെ ജനങ്ങൾക്കു കഴിയുമെന്നും, ഭാവിയിലും ഇത്തരത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ പാപ്പാലയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവർക്കു ഉത്തേജനം പകരാനും നാലാഞ്ചിറയിലെ യുവജനങ്ങൾ സമയം കണ്ടെത്തണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

അതിനുശേഷം ഇടവകയിലെ നിർധനരായ വിദ്യാർത്ഥികൾക്കു പഠനോപകരണങ്ങൾ വിതരണം ചെയ്യുകയുണ്ടായി. അവരോടൊപ്പം സ്നേഹഭോജനം പങ്കിടാനുള്ള ഭാഗ്യവും ഞങ്ങൾക്കു ലഭിച്ചു. ഇതിനുശേഷം സി.അമൂല്യ എസ്.ഐ.സി യുവജനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

ഈ മിഷൻ ദേവാലയത്തിന്റെ അന്തരീക്ഷവും അവിടുത്തെ യുവജനങ്ങളും, കൊച്ചുകുട്ടികളും വിശ്വാസികളുമെല്ലാം ഞങ്ങൾക്കു ജീവിതത്തിന്റെ ഒരു വ്യത്യസ്ഥമായ മുഖം വരച്ചുകാട്ടുകയുണ്ടായി. ജീവിതത്തെ ഇന്നലെകളിൽ നിന്നു വേറിട്ട ഒരു വീക്ഷണകോണിലൂടെ കാണുവാൻ ഈ സന്ദർഭം അവസരമൊരുക്കി. അവസാനം വന്നവനും ഒരു ദനാറ നൽകുന്ന ആ വലിയ മനസ്സുള്ള സ്വർഗീയപിതാവിന്റെ സ്നേഹം അനുഭവിക്കുന്ന മക്കളെ കാണുവാനും അവരെ പരിചയപ്പെടുവാനും സാധിച്ചത് ഒരു വലിയ അനുഭവമായി നാലാഞ്ചിറയിലെ എം.സി.വൈ.എം കുടുംബം കാണുന്നു.

ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ ചില പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ട് പാപ്പാലയിൽനിന്നും ഞങ്ങൾ തിരികെ പോരുമ്പോൾ അവിടുത്തെ ജുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും മുഖഭാവം, വീണ്ടും അവിടം സന്ദർശിക്കുവാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നതായിരുന്നു. അവിടുത്തെ അനുഭവങ്ങളെ താലോലിക്കുമ്പോഴൊക്കെ കർത്താവീശോമിശിഹായുടെ ഒരു പ്രകാശം ജ്വലിക്കുകയായിരുന്നു. ആ ജ്വാല ഒരിക്കലും കെടാത്ത തീനാളമായി പ്രവർത്തിക്കാൻ ഞങ്ങളെ സഹായിക്കട്ടെ എന്നെന്നും....





# എൻ ദൈവം !

ഉദിച്ചുയരുന്ന ഒരായിരം  നാളങ്ങൾക്കിടയിൽ
ഒരു ചെറിയ ജ്വാലയായി ഞാനുമുണരുന്നു
ഒരു ചെറുകാറ്റിൽപോലും അണയാവുന്ന ഈ ജീവിതത്തിൽ
എന്നെ പരിപാലിക്കുന്നവനായി എന്റെ ദൈവം

വീണുടയും മുൻമ്പ് ഊന്നാൻ കരുത്താർന്നവടിയായി
കാലിടറുമ്പോൾ, നയനം തളരുമ്പോൾ
ഇരുട്ടിൽ എൻ ജീവിതം തളർന്നുവലയുമ്പോൾ
എൻകൈ പിടിക്കുവാൻ, തോളേറ്റി താങ്ങുവാൻ എന്റെ ദൈവം

ഉണർന്ന ജ്വാലയായി മാറുമ്പോൾ
ഈ സത്യത്തെ ഞാൻ ദൃശ്യമാക്കണം
ഈ മഹത്വത്തെ ഞാൻ പുകഴ്ത്തി പാടണം
ഈ സ്നേഹം പ്രഘോഷിച്ചെരിഞ്ഞു ഞാൻ തീരണം

എൻ ജീവിതം മൊട്ടിട്ടതും അങ്ങിലാണ്
പൊഴിയുന്നതും അങ്ങിലേക്കുതന്നെ
ഇതിനിടയിൽ നാം കാണുന്നവരിൽ
നന്മ കാണുക, അവർക്കു നന്മ ചെയ്യുക
സ്നേഹമാം വിശ്വാസം പ്രഘോഷിക്കുക.

**മാർഗരറ്റ് മനയ്ക്കത്തോട്ടം**



# അറിയിപ്പുകൾ



*തയ്യാറാക്കിയത് :*

**ജോജിമോൻ കെ. തോമസ് കുമ്പുക്കാട്ട്** (സെക്രട്ടറി)

## അഭിനന്ദനങ്ങൾ

നാലാഞ്ചിറ സർവോദയ സി.ബി.എസ്.ഇ. സ്കൂളിന്റെ പ്രിൻസിപ്പളായി ചാർജ് എടുത്ത ഡോ. കെ.റ്റി. ചെറിയാൻ പണിക്കർ. പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ചീഫ് കോർഡിനേറ്ററായ ഇദ്ദേഹം സെയ്ന്റ് ബനഡിക്ട് പ്രാർത്ഥനാ ഗ്രൂപ്പ് അംഗമാണ്.



വർക്കല സി.എച്ച്.എം.എം. കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിന്റെ പ്രിൻസിപ്പളായി ചാർജ് എടുത്ത ഡോ. പി.ജി. തോമസ്കുട്ടി പനച്ചിക്കൽ. ഇദ്ദേഹം സെയ്ന്റ് പോൾസ് പ്രാർത്ഥനാഗ്രൂപ്പ് അംഗമാണ്.



വൈദീക വസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്ര പഠനത്തിലേക്ക് പ്രവേശിച്ച ബ്രദർ തോമസ് കുറ്റിയിൽ. ബ്രദർ സെയ്ന്റ് ബനഡിക്ട് പ്രാർത്ഥനാഗ്രൂപ്പ് അംഗമായ റ്റി. ബേബികുട്ടിയുടെയും ലൈസമ്മ ബേബികുട്ടിയുടെയും മകനാണ്.



ചേമ്പർ ഓഫ് കൊമേഴ്സിന്റെ ബിസിനസ്സ് എക്സലന്റ് അവാർഡ് ധനകാര്യ മന്ത്രിയിൽനിന്ന് 10-6-2010-ൽ ഏറ്റുവാങ്ങിയ സാന്ത്വനത്തിൽ പോൾരാജ്. ഇദ്ദേഹം സെയിന്റ് പോൾസ് പ്രാർത്ഥനാഗ്രൂപ്പ് അംഗമാണ്.



CBSE 12-ാം ക്ലാസ്സ് പരീക്ഷയിൽ 94.6% മാർക്കും എൻജി നീയറിംഗ് എൻട്രൻസിൽ 408-ാം റാങ്കും, AIEEE-യിൽ 409-ാം റാങ്കും കരസ്ഥമാക്കിയ സച്ചിൻ എം. ജോർജ്. സെയിന്റ് ജോർജ് പ്രാർത്ഥനാഗ്രൂപ്പിലെ കോർഡിനേറ്ററായ കല്ലുപാറവിളയിൽ മോഹൻ ജോർജിന്റെയും എലിസബത്ത് ബേബിയുടെയും മകനാണ്.



ICSE പത്താം ക്ലാസ്സിൽ 96.8% മാർക്ക് നേടിയ റ്റാനിയ സൂസൻ ഫിലിപ്പ്. സെയിന്റ് മേരീസ് പ്രാർത്ഥനാഗ്രൂപ്പിലെ ഫിലിപ്പ് സക്കറിയയുടെയും (റ്റോണി) ആനി ഫിലിപ്പ് സക്കറിയയുടെയും മകളാണ്.



തിരുവനന്തപുരം ജില്ലാ ചെസ്സ് ടൂർണമെന്റിൽ അണ്ടർ 9-നിൽ ഒന്നാം സ്ഥാനവും, ഇരിങ്ങാലക്കുടയിൽ നടന്ന അണ്ടർ 9 സ്റ്റേറ്റ് ടൂർണമെന്റിൽ 7-ാം സ്ഥാനവും നേടിയ സിറിയക്ക് സി. ജോസഫ്, സെയിന്റ് ജൂഡ് പ്രയർ ഗ്രൂപ്പിലെ കോർഡിനേറ്ററായ ചിറവതലയ്ക്കൽ ജോസഫ് ജോർജിന്റെയും, അനു ജോസഫിന്റെയും മകനാണ്.



## മാമോദീസാ സ്വീകരിച്ചവർ

1. ടോം ഭവനിൽ തോമസ് ജോണിന്റെയും അനിത കെ.വിയുടെയും മകൾ ജൂലി ആൻ തോമസ് (1-5-2010)
2. പുത്തൻപുരയിൽ ബിജുമോൻ ഗീവർഗീസിന്റെയും മിനി വർഗീസിന്റെയും മകൾ എയ്ഞ്ചൽ ബി. വർഗീസ് (22-5-2010)
3. ജിബി ഹൗസിൽ വിൽസന്റെയും ബീജ ജെ.യുടെയും മകൾ ബ്ലെസ്സി വിൽസൺ (24-5-2010)
4. കടുവിനാൽ രഞ്ജിത് ജോർജിന്റെയും സിനി കുര്യാക്കോസിന്റെയും മകൻ റെയ്സൽ ജോർജ് (30-5-2010)
5. ജോസ് വില്ലയിൽ ചാൾസ് ജോസഫിന്റെയും സീന ചാൾസിന്റെയും മകൾ ആൻ റോസ് ചാൾസ് (12-6-2010)
6. വാഴപ്പിള്ളേത്ത് ഈശോഭവനിൽ അനിൽ എബ്രഹാമിന്റെയും അന്നാ മാത്യുവിന്റെയും മകൻ ജോയൽ എബ്രഹാം (19-6-2010)



# വിവാഹിതരായി



1. നാലാഞ്ചിറ, പാതിരിപ്പള്ളി കുന്നുംപുറത്ത് വീട്ടിൽ എം.ജോണിന്റെയും അന്നമ്മ ജോണിന്റെയും മകൻ ജോൺസി എം.ജോണും ഷാർജ സെയിന്റ് മൈക്കിൾസ് ഇടവകയിൽ അൽ യാർമുക്ക് എസ്.എസ്.ബ്ലെസ്സ് വില്ലയിൽ പരേതനായ ബാബു റ്റി.യുടെയും ശോഭാ ബാബുവിന്റെയും മകൾ ഷിംജി എസ്. ബാബുവും 2010 ഏപ്രിൽ 8-ാം തീയതി വിവാഹിതരായി.
2. നാലാഞ്ചിറ ദീപുഭവനിൽ ജോസഫിന്റെയും ഏലിയാമ്മ ജോസഫിന്റെയും മകൾ ദിവ്യ എ.ജെ.യും കാവടിത്തല വിമലഹൃദയ ഇടവകയിൽ ബിന്ദുഭവനിൽ ആർ. സോമന്റെയും സുമതി സി.യുടെയും മകൻ എസ്.എസ്.ബിജുവും 2010 ഏപ്രിൽ 15-ാം തീയതി വിവാഹിതരായി.
3. നാലാഞ്ചിറ കൈരളി ഹൗസിൽ പി.ഒ. രാജന്റെയും ലീലാമമ രാജന്റെയും മകൻ ബിനോയ് രാജനും പാളയം സമാധാനരാജ്ഞി ഇടവകയിൽ പാലത്ര തോമസ് മാണിയുടെയും ജമീല തോമസിന്റെയും മകൾ ബിന്ദു ആൻ തോമസും 2010- മെയ് 8-ാം തീയതി വിവാഹിതരായി.
4. നാലാഞ്ചിറ ലില്ലിക്കുട്ടി സദനത്തിൽ എ.പി. സാമുവേൽകുട്ടിയുടെയും ലില്ലികുട്ടിയുടെയും മകൾ ബിനി എലിസബത്തും അതിരുങ്കൽ ചിറയത്ത് പരേതനായ തോമസിന്റെയും ഏലിയാമ്മ തോമസിന്റെയും മകൻ ജയ് തോമസും 2010 മെയ് 10-ാം തീയതി വിവാഹിതരായി.
5. നാലാഞ്ചിറ ക്രൈസ്റ്റ് ഭവനിൽ ക്രിസ്റ്റഫർ എസി.ന്റെയും ത്രേസ്യാമ്മ ജി.യുടെയും മകൾ ദീപ സി.റ്റി.യും നെയ്യാറ്റിൻകര ഇമ്മാക്യുലേറ്റ് കൺസപ്ഷൻ കത്തീഡ്രൽ ഇടവകയിൽ സെൽവനേശൻ എ.യുടേയും ലില്ലിഭായ് കെ.ജെ.യുടെയും മകൻ പ്രദീപ് എസും 2010 മെയ് 24-ാം തീയതി വിവാഹിതരായി.
6. നിർമ്മലഭവനിൽ ജോസ് ജയിംസിന്റെയും നിർമ്മല ജോസിന്റെയും മകൾ സ്വപ്ന ജോസും കല്ലട അമലോൽഭവമന്ദിരത്തിൽ ഫ്രാൻസിസ് സെബാസ്റ്റിയന്റെയും എൽസി ഫ്രാൻസിസിന്റെയും മകൻ ഷൈൻ ഫ്രാൻസിസും 2010 മെയ് 24-ാം തീയതി വിവാഹിതരായി.

7. നാലാഞ്ചിറ എസ്.എസ്. നിലയത്തിൽ വിജയന്റെയും റാണിയുടെയും മകൾ ലിൻസി ആർ.വിജയനും വേളൂർ സെയിന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയിൽ പനക്കേരിൽ ഫ്രാൻസിസിന്റെയും സ്റ്റെല്ലയുടെയും മകൻ അലക്സ് പി.എഫ്.ഉം 2010 മെയ് 31-ാം തീയതി വിവാഹിതരായി.

8. ഇടവക്കോട് ജിൻസി ഭവനിൽ ജോൺ ഡാനിയേലിന്റേയും ലീലാമ്മ ജോണിന്റെയും മകൾ പ്രിൻസി ജോണും കോട്ടയം ചിറക്കുഴിയിൽ സി.വി.കുരുവിളയുടെയും അന്നമ്മ കുരുവിളയുടെയും മകൻ ഷിബു കുരുവിളയും 2010 മെയ് 31-ാം തീയതി വിവാഹിതരായി.

9. വട്ടപ്പാറ മുക്കംപാലമൂട് ജെ.ആർ ഭവനിൽ റ്റി.ജോണിയുടെയും റോസ്മേരിയുടെയും മകൾ ജെ.ആർ ജോളിയും മുട്ടട ഹോളിക്രോസ് ഇടവകയിൽ പരേതനായ എ.സിറിലിന്റെയും മരിയസിറിലിന്റെയും മകൻ സ്മിതേഷ് സിറിലും 2010 ജൂൺ 17-ാം തീയതി വിവാഹിതരായി.

10. നാലാഞ്ചിറ റോസ് കോട്ടേജിൽ കെ.റ്റി സാമുവലിന്റെയും കെ. ജി. ലിസ്സിക്കുട്ടിയുടെയും മകൾ പ്രിൻസി സാമുവലും തുമ്പ സെയിന്റ് ആൻഡ്രൂസ് ഇടവകയിൽ കാർമൽ ഹൗസിൽ പോൾ പെരേരയുടെയും ലിയോണി പോളിന്റെയും മകൻ മിഥുൻ പോളും 2010 ജൂൺ 17-ാം തീയതി വിവാഹിതരായി.



## ഇടവകയിലെ പുതിയ കുടുംബത്തിന് ഹൃദയംഗമായ സ്വാഗതം

| | *പ്രാർത്ഥനാ ഗ്രൂപ്പ്* |
|---|---|
| **പി. വിജയൻ**<br>എസ്സ്.എസ്സ്. നിലയം<br>അനുപമ നഗർ<br>മുട്ടട പി.ഒ. | **സെയിന്റ് ജോസഫ്** |
| **ബിജുമോൻ ഗീവർഗ്ഗീസ്**<br>പുത്തൻപുരയിൽ ഹൗസ്<br>മുണ്ടേയ്ക്കോണം, മുട്ടട പി.ഒ.<br>ഫോൺ : 9495829591, 9447882207 | **സെയിന്റ് ആന്റണീസ്** |

**ബാബു സി.** — **സെയിന്റ് തോമസ്**
മേലേകല്ലുവിളവീട്
റ്റി.സി.11/1464, റ്റെമ്പിൾ റോഡ്
പാറോട്ടുകോണം, നാലാഞ്ചിറ
ഫോൺ : 9847237513, 9847357354

**ഷെറിൻ ജോസ്** — **സെയിന്റ് ജോസഫ്**
ഗ്രേസ് ഭവൻ, BNA - 30A
ബഥനി നഗർ, നാലാഞ്ചിറ
ഫോൺ : 9447032103

**വിൻസന്റ് എൽ.** — **സെയിന്റ് പീറ്റേഴ്സ്**
എബിഭവൻ, രാവൂർകോണം
ഇടവക്കോട്, ശ്രീകാര്യം പി.ഒ.

**സിനോയി സുദർശൻ** — **സെയിന്റ് തോമസ്**
നം.17, ദേവസ്വംലെയിൻ ബി.
കേശവദാസപുരം



# നിത്യതയിലേക്ക്



**തങ്കമ്മ** (86)

നാലാഞ്ചിറ ലില്ലി സദനത്തിൽ എ.പി. സാമുവേൽകുട്ടിയുടെ മാതാവ് ശ്രീമതി. **തങ്കമ്മ** (86), 2010 മെയ് 31-ാം തീയതി നിര്യാതയായി. സംസ്ക്കാരം ഇടവക സെമിത്തേരിയിൽ നടത്തി.



**ജോൺ പൗലോസ്**

മേൽപുലിയൂർക്കോണം ശശി ഭവനിൽ വർഗ്ഗീസിന്റെ സഹോദരൻ **ജോൺ പൗലോസ്** നിര്യാതനായി. സംസ്ക്കാരം 2010 ജൂൺ 1-ാം തീയതി ഇടവക സെമിത്തേരിയിൽ നടത്തി.

# പ്രേഷിതവേദി

## എം.സി.എ

ഏപ്രിൽ മാസം 14-ാം തീയതി നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് സ്നേഹവീട്ടിലെ അന്തേവാസികൾക്ക് എം.സി.എയുടെ വകയായി അത്താഴഭക്ഷണം നൽകുകയുണ്ടായി. തദവസരത്തിൽ എം.സി.എ അംഗങ്ങളും വികാരി അച്ചനും ഭരണസമിതി അംഗങ്ങളും സംബന്ധിച്ചു. ഇത് അവിടുത്തെ രോഗികൾക്ക് വളരെ ആശ്വാസവും ആനന്ദവും പ്രദാനം ചെയ്തു.

മേയ് 8-ാം തീയതി പിരപ്പൻകോട് സെയിന്റ് ജോൺസ് ആശുപത്രിയിലെ കുഷ്ഠരോഗികൾക്കും എച്ച്.ഐ.വി ബാധിച്ച് നിരാശരായി കഴിയുന്ന രോഗികൾക്കും വൈകിട്ടത്തെ ഭക്ഷണം നൽകി. ഇവിടുത്തെ അന്തേവാസികളായ രോഗികളെ ആശ്വാസവാക്കുകൾ കൊണ്ട് സമാധാനിപ്പിക്കുകയും ആശ്വാസം പകരുകയും ഒരുമിച്ചിരുന്നുള്ള ഭക്ഷണം പങ്കുവയ്ക്കലും അവർക്കും എം.സി.എ അംഗങ്ങൾക്കും ഒരു അനുഭവസാക്ഷ്യംതന്നെ ആയിരുന്നു. 9-5-2010-ൽ കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് എം.സി.എയുടെ സെക്രട്ടറി ശ്രീ. എ.പി. ശമുവേൽകുട്ടിയെ ഇടവകസമിതിയിലേക്ക് എം.സി.എയുടെ പ്രതിനിധി ആയി തെരഞ്ഞെടുക്കപ്പെട്ടു.

## എം.സി.വൈ.എം. റിപ്പോർട്ട്

നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി 1-05-2010 മുതൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 5.00-6.00 മണി വരെ ബൈബിൾ സ്റ്റഡി ക്ലാസ്സ് ബഹു. അസിസ്റ്റന്റ് വികാരി റവ.ഫാ. ബനഡിക്ട് മൂഴിക്കരയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇടവക കമ്മിറ്റിയിലെ ജോയിന്റ് സെക്രട്ടറി പോസ്റ്റിലേക്കുള്ള എം.സി.വൈ.എം പ്രതിനിധിയായി വിശാൽ വർഗീസിനെ തിരഞ്ഞെടുത്തു. നമ്മുടെ എം.സി.വൈ.എം യൂണിറ്റിന്റെ പുതിയലേ അനിമേറ്റർ ആയി ഇടവക കമ്മിറ്റി അംഗമായ ബഹു. ജോസഫ് ജോർജ് സ്ഥാനമേൽക്കുകയും ചെയ്തു. നമ്മുടെ എം.സി.വൈ.എം യൂണിറ്റിന്റെ നേതൃത്വത്തിൽ നല്കപ്പെടാറുള്ള വിദ്യാഭ്യാസ സഹായം ഈ വർഷം മിഷൻ ഇടവകയായ പാപ്പാല മലങ്കര കത്തോലിക്ക പള്ളിയ്ക്കു നല്കുകയുണ്ടായി. നമ്മുടെ ഇടവകയിലെ തന്നെ ഉദ്യോഗാർത്ഥികളായ യുവജനങ്ങളുടെ സഹകരണം മൂലമാണ് ഈ സംരംഭം ഒരു വൻവിജയമായി മാറിയത്. മേയ് 30-ാം തിയതി ഇടവകയിലെ 30 ഓളം യുവജനങ്ങൾ പാപ്പാല ഇടവക സന്ദർശിക്കുകയും അവിടുത്തെ കുട്ടികളുമായി കുറച്ചു സമയം ചെലവഴിച്ച് സഹായം നല്കുകയും ചെയ്തു. 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന ഇടവകയിലെ വിദ്യാർത്ഥികൾക്കായി ഒരു കരിയർ ഗൈഡൻസ് ക്ലാസ്സ് ബഹു. ജോജു ജോൺ സാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. അതിൽ ഇടവകയിലെ കുട്ടികളുടെ പരിപൂർണ്ണ സഹകരണം ഉണ്ടായിരുന്നു. ഈ

വർഷത്തെ അംഗത്വവിതരണത്തിന്റെ ഭാഗമായി ഇടവകയിലെ 15-35 വയസ്സ് വരെ പ്രായമുള്ളവർക്ക് അംഗത്വഫോം നല്കുകയുണ്ടായി. വൈദികവർഷാ ചരണത്തോടു അനുബന്ധിച്ച് നാലാഞ്ചിറ ബഥനി ആശ്രമം മുപ്പതോളം യുവജനങ്ങൾ സന്ദർശിക്കുകയും, അവിടുത്തെ വൈദീകർ അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## മാതൃസമാജം

കുടുംബത്തിന്റെ സമഗ്രമായ വളർച്ചയിൽ മുൻകൈയെടുത്ത് പ്രവർത്തിക്കുന്ന അമ്മമാർ സഭാ-സമൂഹത്തിന്റെ വളർച്ചയിലും മുൻപന്തിയിൽ നിൽക്കേണ്ടവരാണ്. ആധുനിക കാലഘട്ടത്തിൽ സ്ത്രീശാക്തീകരണം നിരന്തരമായ പല പരിവർത്തനങ്ങൾക്കും കാരണമാകുന്നു. ജീവിതത്തിന്റെ മൂല്യങ്ങൾ കൈവിടാതെ വരും തലമുറയെ അടിസ്ഥാന സത്യങ്ങളിലൂടെ നിലയുറപ്പിക്കേണ്ട ഉത്തരവാദിത്വം അമ്മമാർക്കുണ്ട്. ആത്മീയ കാര്യങ്ങളിൽ കൂടുതൽ ഊന്നൽകൊടുത്ത് കുഞ്ഞുങ്ങളെ വളർത്താൻ അമ്മമാരെ പരിപോഷിപ്പിക്കുന്ന ഒരു സംഘടനയായി മാതൃസംഘടന നിലകൊള്ളുന്നു.

മാസത്തിന്റെ മൂന്നാം ശനിയാഴ്ചകളിൽ വൈകിട്ട് 4.30 ന് ജപമാല പ്രാർത്ഥന ആരംഭിക്കുന്നു. ബൈബിൾ വായന, പ്രാർത്ഥന, പ്രഭാഷണം തുടങ്ങിയവയ്ക്കുശേഷം ലേലംവിളി, കാണിക്ക എന്നിവയ്ക്കുശേഷം അവസാന പ്രാർത്ഥനയോടെ അവസാനിക്കുന്നു.

## സണ്ടേസ്കൂൾ

ഈ വർഷത്തെ ബി.ബി.എസ് ക്യാമ്പ് അത്യധികം ഭംഗിയായി ഏപ്രിൽ മാസം 9 മുതൽ 12 വരെ ഇടവക ദേവാലയത്തിൽ വച്ച് നടത്തി. ക്യാമ്പിൽ 250 കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്ക് ഉച്ചയ്ക്ക് വിഭവ സമൃദ്ധമായ ഭക്ഷണം സണ്ടേസ്കൂൾ അദ്ധ്യാപകരും മാതാപിതാക്കളും മുൻകൈയെടുത്ത് പാചകം ചെയ്തു നൽകുകയുണ്ടായി. അഭ്യുദയകാംക്ഷികളായ 32 ആൾക്കാർ 18,000 രൂപ ഭക്ഷണത്തിന്റെ ചിലവിലേക്കു നൽകുകയുണ്ടായി.

മാർച്ച് മാസം 27-ാം തീയതി കൂടിയ സ്റ്റാഫ് മീറ്റിംഗിൽ 2009-2010 വർഷത്തെ സൺണ്ടേസ്കൂളിന്റെ വരവ്-ചെലവ് കണക്കുകൾ സെക്രട്ടറി വായിക്കുകയും, യോഗം അത് പാസാക്കുകയും ചെയ്തു. 2010-11 വർഷത്തിലെ ഇടവക കമ്മിറ്റിയിലേക്ക് സണ്ടേസ്കൂൾ പ്രതിനിധിയായി ഹെഡ്മാസ്റ്റർ ശ്രീ. എബ്രഹാം ജോർജിനെ അയയ്ക്കുവാൻ തീരുമാനിച്ചു. രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ മാസം 25-ാം തീയതി നടത്തുകയും, ഏപ്രിൽ മാസം 30-ാം തീയതി നടന്ന അദ്ധ്യാപക യോഗത്തിൽ ഓരോ ക്ലാസിലെയും റിസൽട്ട് അദ്ധ്യാപകർ അവതരിപ്പിക്കുകയും ചെയ്തു. ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥികൾക്കു വേണ്ട പ്രത്യേക പരിശീലനം നൽകി മെയ്മാസം 9-ാം തീയതി പട്ടത്ത് വച്ച് നടന്ന മൽസര പരീക്ഷയിൽ പങ്കെടുപ്പിച്ചു.

പുതിയ അദ്ധ്യയന വർഷത്തിലെ അദ്ധ്യാപക ഒരുക്കധ്യാനം മെയ്

മാസം 30-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണി മുതൽ ബഹുമാന പ്പെട്ട ഫിലപ്പ് ചെമ്പകശ്ശേരിൽ അച്ചൻ നയിക്കുകയും, എല്ലാ അദ്ധ്യാപ കരും അതിൽ പങ്കെടുക്കുകയും ചെയ്തു. പുതിയ അദ്ധ്യാപകരായി ശ്രീമതി റാണി കുരിയാക്കോസ്, ശ്രീ.ഫ്രാൻസിസ് സേവ്യർ ശ്രീമതി ഏലി യാമ്മ മാത്യു, ശ്രീമതി ത്രേസ്യാമ്മ പീറ്റർ എന്നിവരെ വികാരിയച്ചൻ നിയ മിച്ചു. സണ്ടേസ്കൂൾ പ്രവേശനോത്സവം വികാരിയച്ചന്റെ പ്രാർത്ഥ നയോടെയും, മധുരവിതരണത്തോടെയും ജൂൺ മാസം 6-ാം തീയതി നടക്കുകയുണ്ടായി.

## വിൻസെന്റ് ഡി പോൾ

സമൂഹത്തിലെ ദുർബലരും അവഗണിയ്ക്കപ്പെട്ടവരുമായ ആളു കൾക്ക് ക്രിസ്തീയ സ്നേഹവും പരിഗണനയും ലഭ്യമാക്കുക എന്നതാണ് നമ്മുടെ ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രധാന പ്രവർത്തനം. പ്രയാസത്തിലും കഷ്ടപ്പാടിലും കഴിയുന്നവരുടെ ഇടയി ലേക്ക് കടന്നുചെന്ന് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്ക് വേണ്ടതായ സഹായങ്ങൾ ചെയ്തുകൊടുത്തും ആശ്വസിപ്പിച്ചുകൊണ്ടും ഈ ഇടവകയിലെ സെന്റ് ആന്റണീസ് കോൺഫറൻസ് പ്രവർത്തനം തുടർന്നുവരുന്നു. സഹോദരങ്ങളിലെ ദൈവസാന്നിദ്ധ്യം മനസ്സിലാക്കി ക്രിസ്തുവിനോടെന്ന പോലെ സ്നേഹത്തോടും ആദരവോടുംകൂടി സേവനം ചെയ്യുന്ന 12 അംഗങ്ങൾ കോൺഫറൻസിൽ പ്രവർത്തിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും ഇടവക ദേവാലയത്തിൽ വച്ച് യോഗം കൂടുന്നു. ഭവനനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങി സാധു ക്കൾക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും കോൺഫ റൻസിൽ നിന്നും നൽകിവരുന്നു. അനാഥമന്ദിരങ്ങൾ, സ്നേഹാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കുക, അന്തേവാസികളോടൊപ്പം പ്രാർത്ഥനയിൽ പങ്കെടുക്കുക, ആവശ്യമായ സാമ്പത്തിക സഹായം നൽകുക എന്നിവ ഞങ്ങളുടെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കരുണയും നല്ലവരായ ഇടവക ജനങ്ങളുടെ സഹകരണവും കൊണ്ട് കഴിഞ്ഞ മൂന്ന് മാസകാലയളവിൽ ധാരാളം ജീവകാരുണ്യപ്രവർത്തികൾ കോൺഫറൻസിന് ചെയ്യുവാൻ സാധിച്ചു. 12 സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകി. കോൺഫറൻ സിലെ അംഗങ്ങൾ വ്യക്തിപരമായി 28 കുടുംബങ്ങൾക്ക് വിവിധ ആവശ്യ ങ്ങൾക്കായി സാമ്പത്തിക സഹായം നൽകി സഹായിച്ചു. ക്യാൻസർ രോഗാശുപത്രിയിൽ കഴിയുന്ന 80 രോഗികൾക്ക് ലഘുഭക്ഷണം നൽകി. ആശുപത്രികളിൽ 96 രോഗികളെയും ഭവനങ്ങളിൽ 138 രോഗികളെയും സന്ദർശിച്ചു. 28 മരണവീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസി പ്പിക്കുകയും പരേതാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

# ഇടവകവാർത്തകൾ

ഡോ.കെ.വൈ. ബനഡിക്ട്, കടകംപള്ളിൽ - ട്രസ്റ്റി



ഈ വർഷത്തെ വലിയ നോമ്പുകാല ആചരണ ത്തിന്റെ പൂർണ്ണതയിൽ ഹാശാ ആഴ്ച തിരുക്കർമ്മ ങ്ങൾ ഭക്ത്യാദരപൂർവ്വം നടന്നു. മാർച്ച് മൂന്നിനായി രുന്നു നാല്പതാം വെള്ളിയാചരണം. നമ്മുടെ കർത്താവിന്റെ പീഢാ സഹനത്തിനു മുന്നോടിയായുള്ള ജറുസലേം പ്രവേശനത്തിന്റെ ഓശാന സ്മരണകളുണർത്തി കുരുത്തോല തിരുനാൾ മാർച്ച് 28 ന് ആചരിച്ചു. മാർച്ച് 29, 30, 31 തീയതികളിലായി സന്ധ്യാനമസ്കാ രത്തിനുശേഷം ക്രൈസ്തവകാഹളം ചീഫ് എഡിറ്റർ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നയിച്ച നോമ്പുകാല വചനവിരുന്ന് നട ന്നു. ഏപ്രിൽ ഒന്നിന് രാവിലെ പെസഹാ ശുശ്രൂഷകൾക്ക് ശേഷം പ്രാർത്ഥനായോഗങ്ങളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ തിരുമണിക്കൂർ ആരാധനാമാല്യം അർപ്പിച്ചു. അന്ന് വൈകിട്ട് വി. കുർബ്ബാനയുടെ വാഴ്വും ഉണ്ടായിരുന്നു. ഉയിർപ്പ് തിരു നാളിന്റെ ശുശ്രൂഷകൾ ഏപ്രിൽ 3ന് ശനിയാഴ്ച രാത്രി ഒമ്പതുമു തൽ നടന്നു. ഉയിർപ്പിന്റെ ശുശ്രൂഷകൾക്ക് മദ്ധ്യേ കത്തിച്ച തിരിക ളുമേന്തി വിശ്വാസികൾ നാലാഞ്ചിറ ജംഗ്ഷൻവഴി പ്രദക്ഷിണവും നടത്തി.

സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളുടെയും കൊച്ചു കൂട്ടുകാരു ടേയും മദ്ധ്യവേനലവധിക്കാല ഉത്സവമായ ബി.ബി.എസ്സ്. ഏപ്രിൽ 9ന് ആരംഭിച്ച് 12 ന് സമാപിച്ചു. സണ്ടേസ്ക്കൂൾ അധ്യാപകരുടെ യും, രക്ഷിതാക്കളുടെയും, ഇടവകജനങ്ങളുടെയും സഹായസഹ കരണങ്ങൾ കൊണ്ട് ബി.ബി.എസ്സ് ഒരവിസ്മരണീയ അനുഭവമായി മാറി.

ഏപ്രിൽ 18 ന് നടന്ന വാർഷിക പൊതുയോഗത്തിൽ വച്ച് ഇട വകയുടെ 2010-11 വർഷത്തെ ഭരണസമിതിയെ തിരഞ്ഞെടുത്തു.

സർവ്വശ്രീ ഡോ. കെ.വൈ. ബനഡിക്ട് കടകംപള്ളിൽ (ട്രസ്റ്റി), ജോജിമോൻ കെ. തോമസ്, കുമ്പുക്കാട്ട് (സെക്രട്ടറി), വിഷാൽ സാം മരിയഹിൽ (ജോ.സെക്രട്ടറി), ഡോ.എബ്രഹാം ജോർജ്ജ്, മാങ്കാവിൽ (സണ്ടേസ്കൂൾ), ബാബു നൈനാൻ, തങ്ങളത്തിൽ (സെയിന്റ് ആന്റണീസ്), ബാബുക്കുട്ടൻ, റീത്താ വിലാസ് (സെയിന്റ് തോമസ്), ജെ. ജോർജ്ജ്, എസ്സ്.എസ്സ്.നിലയം (സെയിന്റ് ജോസഫ്), കോശി സാം, അടയറ (സെയിന്റ് പീറ്റേഴ്സ്), മാത്യു എൽ.ടി., ലാത്തറ (സെയിന്റ് മേരീസ്), റോബർട്ട് എബ്രഹാം, അമ്പനാട്ട് (സെയിന്റ് പോൾസ്), സാമുവൽകുട്ടി എ.പി, ലില്ലിസദനം (എം.സി.എ), ഷിബു ചാണ്ടി, ആറ്റുപുറത്ത് (സെയിന്റ് സ്റ്റീഫൻസ്), ആർ. സുദേശൻ, ആർ.എസ്സ്.ഭവൻ (സെയിന്റ് ബനഡിക്ട്), ജോയി ജേക്കബ്, കുളങ്ങര (സെയിന്റ് ജൂഡ്), സാം കുരുവിള, പൈനുംമൂട്ടിൽ സാംവില്ല (സെയിന്റ് ജോർജ്ജ്), സൂസമ്മ മൈക്കിൾ, കുമ്പുക്കാട്ട് (സെയിന്റ് ജോൺസ്), ജേക്കബ് ചാൾസ്, ഹിൽവ്യൂ, ജോസഫ് ജോർജ്, ചിറവത്തലയ്ക്കൽ, ലില്ലിക്കുട്ടി ഡാനിയേൽ (ജനറൽ) ജിജി മത്തായി, കിഴക്കേതിൽ (മാതൃസംഘം) എന്നിവരാണ് പുതിയ കമ്മറ്റി അംഗങ്ങൾ. ഓഡിറ്റേഴ്സായി ശ്രീ. അലക്സ് കുര്യാക്കോസ് തങ്ങളത്തിലിനെയും ശ്രീ. സാലു പതാലിനെയും തെരഞ്ഞെടുത്തു. ഏപ്രിൽ 25ന് രണ്ടാമത്തെ വി. കുർബ്ബാനക്കുശേഷം സത്യപ്രതിജ്ഞയോടെ പുതിയ ഭരണസമിതി ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു.

**സബ്കമ്മിറ്റികളുടെ രൂപീകരണം** :

ഇടവക ഭരണസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വിവിധ സബ്കമ്മറ്റികൾക്ക് രൂപം നൽകുകയുണ്ടായി.

| | | |
|---|---|---|
| **മെയിന്റനൻസ്** | - | ഡോ. എബ്രഹാം ജോർജ് (കൺവീനർ), ബാബു നൈനാൻ, എൽ.ടി.മാത്യു, ജെ.ജോർജ്, എ.പി. സാമുവൽകുട്ടി |
| **സാമൂഹ്യസേവനം** | - | ജേക്കബ് ചാൾസ് (കൺവീനർ), റോബർട്ട് എബ്രഹാം, കോശി സാം, ആർ. സുദേശൻ, ബാബുക്കുട്ടൻ |
| **ബുള്ളറ്റിൻ** | - | ജോയി ജേക്കബ് (ചീഫ് എഡിറ്റർ), സാം കുരുവിള, സൂസമ്മ മൈക്കിൾ |

| | | |
|---|---|---|
| **എം.സി.വൈ.എം.** | - | ജോസഫ് ജോർജ് (ആനിമേറ്റർ) |
| **ആരാധന-ഗായകസംഘം** | - | ഡോ. എബ്രഹാം ജോർജ്, ജിജി മത്തായി, ലില്ലിക്കുട്ടി ഡാനിയേൽ |
| **സ്റ്റോക്ക് രജിസ്റ്റർ, ഇൻവെന്ററി** | - | എൽ.ടി.മാത്യു (കൺവീനർ), ആർ. സുദേശൻ, ജോസഫ് ജോർജ്. |
| **കംപ്യൂട്ടർ മാനേജ്മെന്റ്** | - | ജോയി ജേക്കബ്ബ് |
| **ഇടവക വെബ്സൈറ്റ്** | - | ഷിബുചാണ്ടി |

മെയ് 13 ന് വ്യാഴാഴ്ച സ്വർഗ്ഗാരോഹണത്തിരുനാളാഘോഷിച്ചു. മെയ് 30 ന് പെന്തക്കോസ്തി ഞായർ ആചരിച്ചു. തന്നാണ്ടത്തെ ബഡ്ജറ്റ് പൊതുയോഗം മെയ് 23 ഞായറാഴ്ച 11 ന് നടന്നു. 28,41,576.06 രൂപ വരവും 13,48,250.00 രൂപ ചിലവും 14,93,326.06 രൂപ നീക്കിബാക്കിയുമുള്ള ബജറ്റ്, ചർച്ചയ്ക്ക് ശേഷം പാസ്സാക്കി. പ്രസ്തുത പൊതുയോഗത്തിൽ വച്ച് നാലാഞ്ചിറ പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള 101 അംഗ കമ്മറ്റിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു.

നാളിതുവരെ മൂന്ന് തനതു യോഗങ്ങളും, പ്രാർത്ഥനായോഗം ലീഡേഴ്സും കോ-ഓർഡിനേറ്റേഴ്സും ചേർന്നുള്ള രണ്ട് സംയുക്ത യോഗങ്ങളും ഇടവകഭരണസമിതി നടത്തുകയുണ്ടായി.

**ബഹു.സിസ്റ്റേഴ്സിന്റെ സ്ഥലംമാറ്റവും പുതിയവർക്ക് സ്വാഗതവും**

നമ്മുടെ ഇടവകയിൽ സേവനമനുഷ്ഠിച്ചുവന്ന ബഹുമാന്യരായ സി. ആൽഫിൻ എസ്സ്.എച്ച്, സി. അമൂല്യ എസ്സ്.ഐ.സി, സി. സജീവ എസ്സ്.ഐ.സി എന്നിവർ സ്ഥലം മാറിപ്പോവുകയും അവർക്ക് ഇടവകസമൂഹം സ്നേഹാദരപൂർവ്വം യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു. തൽസ്ഥാനങ്ങളിൽ ബഹുമാന്യരായ സി. മരിയ റോസ് എസ്സ്.എച്ച്., സി. ജോയൽ എസ്സ്.ഐ.സി, സി. പ്രസൂന എസ്സ്.ഐ.സി എന്നിവരെ ഇടവകസമൂഹം ആദരപൂർവ്വം സ്വാഗതം ചെയ്തു.

വൈദീകവർഷസമാപനവും, മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുനാളും ഭക്തസംഘടനകളുടെ വാർഷികവും ജൂൺ 27 മുതൽ ജൂലൈ 3 വരെ വിവിധ പരിപാടികളോടെ നടന്നുവരുന്നു.

## വിദ്യാഭ്യാസ സഹായനിധിയിലേക്ക് ഒന്നോ അതിലധികമോ പേരെ സ്പോൺസർ ചെയ്തവരുടെ ലിസ്റ്റ്

| | | |
|---|---|---|
| പി.സി. സഖറിയ, പന്തോളിൽ ടോണിവില്ല | - | 1000.00 |
| ഏലിയാമ്മ ജോസഫ്, കക്കുടിയിൽ | - | 1000.00 |
| കെ.ഇ. ഈപ്പൻ, കുന്നിൽ | - | 1000.00 |
| പി.എം. സഖറിയ, ബന്നിവില്ല | - | 2000.00 |
| അലക്സ് കുരിയാക്കോസ്, തങ്ങളത്തിൽ | - | 1500.00 |
| ബിനോയ് തോമസ്, അത്തിനിൽക്കുന്നതിൽ | - | 1000.00 |
| ഏലിയാമ്മ ഫിലിപ്പോസ്, മാരേട്ട് | - | 1000.00 |
| ടി. ഇ. കുരിയാക്കോസ്, തങ്ങളത്തിൽ | - | 7000.00 |
| കുരുവിള തോമസ്, പൈനുംമൂട്ടിൽ ഡോണവില്ല | - | 1000.00 |
| പി.ജെ. ബോസ്, പാറയിൽ | - | 1000.00 |
| ബാബു നൈനാൻ, തങ്ങളത്തിൽ | - | 1000.00 |
| ഷീലാ സാബു, കുളക്കാട്ടിൽ | - | 1000.00 |
| ഡോ.ചെറിയാൻ പണിക്കർ, പണിക്കർ വില്ല | - | 1000.00 |
| ക്രിസ്റ്റഫർ, ക്രൈസ്റ്റ് ഭവൻ | - | 1000.00 |
| ഷാജി ജോബ്, ഹനാന | - | 2000.00 |
| വർഗ്ഗീസ് ഐസക്ക്, നല്ലുത്താനത്ത് | - | 1000.00 |
| കെ.ടി. കുരുവിള, പൈനുംമൂട്ടിൽ സാംവില്ല | - | 1000.00 |
| എം.സി. തോമസ്, മരിയഹിൽ | - | 1000.00 |
| ഡോ.എം.വി. ജോൺ, ശാന്തി | - | 1000.00 |
| ടി.കെ. തോമസ്, മന്നാഭവൻ | - | 1000.00 |
| പോൾരാജ്, സ്വാന്തന | - | 2000.00 |
| സൈമൺ പി. വർഗ്ഗീസ്, പുളിയൻകീഴിൽ | - | 1000.00 |
| ഡോ. ഏബ്രഹാം ജോർജ്, മാങ്കാവിൽ | - | 1000.00 |
| ജോർജ്ജ് തങ്കച്ചൻ, ഇടയിലേമുറിയിൽ | - | 1000.00 |
| സൈമൺ ഏബ്രഹാം തരകൻ, തെങ്ങുംതോട്ടത്തിൽ | - | 1500.00 |

(തുടരും)

# പ്രാർത്ഥനായോഗങ്ങൾ - 2010 ജൂലൈ മുതൽ സെപ്റ്റംബർ വരെ

| ദിവസം | സെയിന്റ് ആന്റണി | സെയിന്റ് ബനഡിക്ട് | സെയിന്റ് ജോർജ്ജ് | സെയിന്റ് ജോൺസ് | സെയിന്റ് ജോസഫ് | സെയിന്റ് ജൂഡ് | സെയിന്റ് മേരീസ് | സെയിന്റ് പീറ്റേഴ്സ് | സെയിന്റ് പോൾസ് | സെയിന്റ് സ്റ്റീഫൻസ് | സെയിന്റ് തോമസ് |
|---|---|---|---|---|---|---|---|---|---|---|---|
| **ജൂലൈ** 04-07-2010 | ബാബുതോമസ് തണ്ടത്തിൽ | ഡോ.ജോർജ്ജ് ഓണക്കൂർ സുദർശന | യോഹന്നാൻ എം.ജി. രാജുവിഹാർ | ജോർജ്ജ് റ്റി. ന്യൂവില്ല ശലോമിഭവൻ | ഗീവർഗ്ഗീസ് യൗനാൻ ഞാപ്പള്ളിൽ | സാറാമ്മ സക്കറിയ പട്ടരുകണ്ടത്തിൽ | ജോർജി പി. ഡാനിയേൽ പുത്തൻ പുരയ്ക്കൽ | — | റോബർട്ട് ഏബ്രഹാം അബനാട്ട് | കെ.ഇ.ഈപ്പൻ കുന്നിൽ | റോസമ്മ.വൈ പി & റ്റി കോട്ടേഴ്സ് |
| 11-07-2010 | | | | | സംയുക്തപ്രാർത്ഥന | | | | | | |
| 18-07-2010 | തോമസ്തോമസ് തണ്ടത്തിൽ | തോമസ് കെ. ചിറയിൽ ചിറയിൽഹൗസ് | ജോർജ് കെ.പി. കാഞ്ഞിരത്തിൻ മൂട്ടിൽ | വറുഗ്ഗീസ് തമ്പി സുജാവിലാസ് | ഗീവർഗ്ഗീസ് കെ.വി. കിളിലേത്ത് | ജേക്കബ് തോമസ് കുളങ്ങര പുത്തൻവീട് | എൻ.കെ. അച്ചൻകുഞ്ഞ് നെൽപുരയ്ക്കൽ | ജോഷ്വാ. എം തുണ്ടിയിൽ | എം.വി. ഏബ്രഹാം ഇളവട്ട | കോശി സാമുവേൽ കിനാര | പാപ്പച്ചൻ.സി BSNL കോട്ടേജ് |
| 25-07-2010 | സുനിൽ വർഗ്ഗീസ് എണ്ണശ്ശേരിൽ | കമലാജോർജ് ബീനാ കോട്ടേജ് | — | ജിജിമോൻ കെ.തോമസ് കുമ്പുക്കാട്ട് | വർഗ്ഗീസ് എസ്. പ്ലാക്കൂട്ടത്തിൽ | - | ജി. കൊച്ചുകോശി പാട്ടത്തിൽ | തോമസ് ജോൺ പഴമണ്ണിൽ | സൂസമ്മ ഫിലിപ്പ് ബതേൽ | മറിയാമ്മ ചാണ്ടി ആറ്റുപുറത്ത് | വർഗ്ഗീസ് ബേബി |
| **ആഗസ്റ്റ്** 01-08-2010 | ബിജുവർഗ്ഗീസ് പുത്തൻ പുരയിൽ | ഏലിയാമ്മ ജോസഫ് കക്കുടിയിൽ | തോമസ് കെ.എ. കോന്നാത്ത് | ജോണി ബേബി പ്ലാവിളയിൽ | ജിജു മാത്യു ഇടത്തറ ഈഡൻ | അച്ചാമ്മ ജോർജ്ജ് ഗീവർഗ്ഗീസ്ഭവൻ | ചെല്ലമ്മ ദേവദാസൻ പുത്തൻവിള | കോശി സാം അടയറ | പി.വി.തോമസ് കണ്ടത്തിൽ | ജോൺ പണിക്കർ സലേംപുരം | തോമസ് റ്റി.റ്റി താഴമൺ |
| 08-08-2010 | — | ബിജു കെ. സാമുവേൽ കുറ്റിമേലേതിൽ | — | ബോസ് പാറവിള | തോമസ് ചെറിയാൻ തോട്ടുമുക്ക് | — | തോമസ് ജയിംസ് കാർത്തിക | ജോൺ ഡി. ജിൻസി ഭവൻ | തോമസ് മാത്യു കുന്നത്ത് | തോമസ് കെ.സി. കമ്മാംചേരിൽ | സണ്ണി മാത്യു ചിറ്റക്കാട്ട് |
| 15-08-2010 | സാംസൺ ജോർജ് ജിബിഭവൻ | കെ.ജോസ് സച്ചു ഭവൻ | ജോസ്കുമാർ വി.എസ്. വിളയശ്ശേരിൽ | മേരി ജോൺ മരുതൂർ | വിജയകുമാർ ആർ. രത്നാലയം | വൈ. ജോർജ് റോസ്മേരി ഭവൻ | റ്റി.ജെ. ജോൺ തേവരേത്ത് | രവി എബ്രഹാം കരിങ്കാട്ടിൽ | സാറാമ്മ ഈശോ കിളിലേത്ത് | റ്റോം രാജ് എം.ജി. മണലൂർ | ജോർജ് പി.എസ്. ചേക്കോട്ട് പൊയ്കയിൽ |
| 22-082010 | പോൾ പി.ഐ. പാലക്കാട്ടിൽ | ബാബുവർഗ്ഗീസ് പനംതുണ്ടിൽ | — | മാമ്മൻ സി.റ്റി. എലിംലാന്റ് | മാർട്ടിൻജോസഫ് രത്നാലയം പ്രശാന്തി | — | — | സൈമൺ പി. സോണി സദനം | — | — | പി.എം. സക്കറിയ ബെന്നിവില്ല |

| ദിവസം | സെയിന്റ് ആന്റണി | സെയിന്റ് ബനഡിക്ട് | സെയിന്റ് ജോർജ്ജ് | സെയിന്റ് ജോൺസ് | സെയിന്റ് ജോസഫ് | സെയിന്റ് ജൂഡ് | സെയിന്റ് മേരീസ് | സെയിന്റ് പീറ്റേഴ്സ് | സെയിന്റ് പോൾസ് | സെയിന്റ് സ്റ്റീഫൻസ് | സെയിന്റ് തോമസ് |
|---|---|---|---|---|---|---|---|---|---|---|---|
| **ആഗസ്റ്റ്** 29 - 08 - 2010 | — | — | ജേക്കബ് കെ.സി. ചരുവിള L.F.കോട്ടേജ് | മൈക്കിൾ ദാനിയേൽ കുമ്പുക്കാട്ട് | അനിൽ സ്ക്കറിയാ ഇടക്കാട്ടിൽ | വിൻസന്റ് മണലിൽ | — | ശാമുവേൽ കുട്ടി ഒറ്റപ്ലാവിളവീട് | അന്നമ്മ എബ്രഹാം വാഴപ്പിള്ളേത്ത് | റെജി കാക്കനാട്ട് | പി.എസ്സ്. ബാബു കാലായിൽ ഗാർഡൻസ് |
| **സെപ്റ്റംബർ** 05 - 09 - 2010 | തോമസ് വർഗ്ഗീസ് പ്ലാംതോട്ടത്തിൽ | സുദേശൻ ആർ. ആർ.എസ്സ്.ഭവൻ | — | സണ്ണി സാമുവേൽ കാട്ടുകല്ലിൽ | ജോർജ് ജോസഫ് മേരിവില്ല | — | ഷാജി ജോബ് ഹനനിയ | പഹലാ വി. ആൽഫാ കോട്ടേജ് | എഡിസൺ.ഡി വിനോദ് വിഹാർ | ജോസ് എൻ. മേരിനിലയം | ഡോ.റ്റി. വർഗീസ് തെക്കേക്കര |
| 12 - 09 - 2010 | — | ഡോ.ജോർജ് വർഗ്ഗീസ് ഇളവട്ട | മാത്യു കെ. വർഗ്ഗീസ് നെടുംചേരിൽ | ജോർജ്ജ് ഒ. എസ്.ജി. നിവാസ് | തോമസ് ജേക്കബ് ചെറിയത്ത് | രാജൻ തോമസ് കണ്ണമല | എബി എബ്രഹാം പുതിയമേലേതിൽ | വർഗ്ഗീസ് എബ്രഹാം പുത്തൻപറമ്പിൽ | മറിയാമ്മ വർഗ്ഗീസ് ബിനോഭവൻ | സൈമൺ പി. വർഗ്ഗീസ് പുളിയൻകീഴിൽ | കെ.കെ. ഗീവർഗ്ഗീസ് മാടപ്പള്ളിൽ |
| 19 - 09 - 2010 | ജേക്കബ് വർഗ്ഗീസ് കുടമാങ്കിൽ | റോസമ്മ തോമസ് സോനുഭവൻ | — | ജോർജ്ജ് എ. കുഴിവിള | എം.വി. മത്തായി മലഞ്ചരുവിൽ | ഏലിയാമ്മ തോമസ് വാലുപറമ്പിൽ | മാത്യു വർഗ്ഗീസ് കുന്നത്ത് | സഖറിയാ പണിക്കർ ശാന്തിഭവൻ | കെ.ജോയി മീനത്തേതിൽ | ജോണി റ്റി. ചിന്നുഭവൻ | കെ. സ്ക്കറിയാ കണ്ടത്തിൽ |
| 26 - 09 - 2010 | തോമസ് പി.വി. കുടമാങ്കൽ | തോമസ് വർഗ്ഗീസ് കാക്കനാട്ട് മൂത്തേരിൽ | സാബുതങ്കച്ചൻ പാലമൺ കോണത്ത് അനുഗ്രഹ | വി.എ.മാത്യു വഞ്ചിപുര കണ്ടത്തിൽ | വി.ഡി. സ്ക്കറിയാ ഇടക്കാട്ടിൽ | — | എൽ.റ്റി. മാത്യു ലാത്തറ | ആനിപീറ്റർ പോൾ തോപ്പിൽ | പോൾരാജ് സ്വാന്തനം | ബെന്നിഫിലിപ്പ് ചരുവിൽ എബിൻവില്ല | ബാബു കെ.ജി. ലിസ് ഹൗസ് |
| | | | | | | | | | | | |

# ഭക്തസംഘടനാ വാർഷികാഘോഷത്തിന്റെ വിവിധ ദൃശ്യങ്ങൾ

















# പിൻമൊഴി

## അപ്പുറം കാണാനൊരു കണ്ണ് വേണം

*പുതിയ പ്രതീക്ഷകളുടെ ഉണർത്തുപാട്ടുമായി ഭൂമി മലയാളത്തിലൊട്ടാകെ ജൂൺ രണ്ടിന് പുതിയ വിദ്യാലയവർഷം ആരംഭിച്ചു. 'പുതിയ ചെരുപ്പും, പുതിയ ബാഗും, പുതിയ കുടയും പിന്നെന്തെല്ലാം' എന്നേറ്റുപാടി, മാലോകരെല്ലാം അക്ഷരശക്തിയുടെ മുന്നിൽ നമ്രശിരസ്ക്കരായി നിന്നു. 'പ്രവേശനോത്സവം' എന്ന പതിവ് സർക്കാർ പരിപാടി, അരങ്ങുണർത്തലിന് അകമ്പടി സേവിച്ചു. മെയ് മാസത്തെ അവസാന നാളുകളിൽ തകർത്തുപെയ്ത മഴ പക്ഷേ ജൂൺ തുറക്കലിന് (സ്കൂൾ തുറക്കൽ) ഇത്തവണയും വിട്ടുനിന്നു. തലമുറകളിലൂടെ നാളെകളിലേക്ക് നീളുന്ന നമ്മുടെ പ്രതീക്ഷയും വാഗ്ദാനവുമാണ് ഈ അക്ഷരക്കണിയുടെ ചോദന. അതേ, കാലത്തിനപ്പുറത്തേക്കും ഒന്നുപാളി നോക്കാനുള്ള ഒരു പള്ളിക്കൂടാഭ്യാസം.*

*ശനിയാഴ്ചയായിരുന്നിട്ടും ജൂൺ അഞ്ചിന് മിക്ക സ്ക്കൂളുകളിലും അന്താരാഷ്ട്ര പരിസ്ഥിതി ദിനം കേമമായി ആഘോഷിച്ചു. നമ്മുടെ സെന്റ് ഗോരേത്തി സ്കൂളിലെ ബാല്യ-കൗമാരങ്ങൾ, തകർന്നടിഞ്ഞ റോഡുകളെ (വെള്ളക്കെട്ടുകളെ) സാക്ഷിനിർത്തി 'സേവ് ഔർ എൻവയോൺമെന്റ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ താളത്തിൽ മുഴക്കി നടന്നുനീങ്ങിയത്, കാഴ്ചക്കാരെയും കേൾവിക്കാരെയും ഒരുനിമിഷം ചിന്തിക്കാൻ പ്രേരിപ്പിച്ചു. താനനുഭവിക്കുന്ന പ്രകൃതി സൗഭാഗ്യങ്ങൾ നാളേക്ക് വേണ്ടിയും കരുതിവയ്ക്കണ്ടേ എന്നുള്ള ചിന്ത! അതേ കാലത്തിനപ്പുറത്തേക്കാണ് ഇന്നത്തെ സമൂഹ മനഃസാക്ഷി കാണാൻ പഠിക്കേണ്ടത്!*

*കാലത്തിനപ്പുറം കണ്ട ഒരു മഹാരഥന്റെ സ്മരണക്കുമുമ്പിൽ നമ്മുടെ മനസ്സുകളെയും, ശിരസ്സുകളെയും നമിക്കുന്ന ഓർമ്മയാചരണത്തിന്റെ നാളുകളിലേക്കാണ് നാം നടന്നു നീങ്ങുന്നത്. മുണ്ടൻമലയിലെ പർണ്ണശാലകളിൽ ഉരുക്കഴിച്ച പ്രാർത്ഥനാമന്ത്രങ്ങളിൽനിന്നും, ആർഷസംസ്ക്കാരവഴികളിൽ ആചരിച്ച സന്ന്യാസപുണ്യങ്ങളിൽനിന്നും ആവാഹിച്ച ദർശനപ്രഭയിൽ, എല്ലാം ഉപേക്ഷിച്ച് എല്ലാം നേടിയ യഥാർത്ഥ മിശിഹാനുകരണവാദി - ദൈവദാസൻ മാർ ഈവാനിയോസിന്റെ ശ്രാദ്ധപ്പെരുന്നാൾ, ഒരു സഭയെന്ന നിലയിൽ നമ്മുടെ അവസ്ഥാന്തരങ്ങളുടെ ഒരു കണക്കെടുപ്പിനുള്ള സമയമാണിത്. ആധുനീക മാനേജ്മെന്റ് പ്രാക്ടീസിന്റെ ആപ്തവാക്യം; 'Count your chicken before they hatch'- 'മുട്ട വിരിയുന്നതിന് മുൻപ് തന്നെ കുഞ്ഞുങ്ങളെ എണ്ണുക' എന്നതാണ്. മറ്റൊരർത്ഥത്തിൽ കാലത്തിനപ്പുറം ഒരു കാഴ്ച വേണമെന്ന്! മാർ ഈവാനിയോസ് എന്ന ആചാര്യശ്രേഷ്ഠൻ ഈ വിധത്തിൽ ഒരു മാനേജ്മെന്റ് ഗുരു കൂടി ആയിരുന്നില്ലേ? നമുക്കും ലഭിക്കട്ടെ കാലത്തിനപ്പുറത്തേക്ക് കാണാനൊരു കണ്ണ് !*

**ബി.കെ.വൈ.**